ARCHDIOCESE OF TRICHUR
Estd. 1887

# TRICHUR ARCHDIOCESAN BULLETIN

2024 നവംബർ | വാല്യം: 91 | ലക്കം: 11




പീലാത്തോസിന്റെ മുമ്പിൽ ( യോഹ. 18, 37)



# ആദരാഞ്ജലികൾ

**റവ. ഫാ. ചാക്കോ ചെറുവത്തൂർ (64)**

ജനനം : 11. 08. 1960

തിരുപ്പട്ടം : 27. 12. 1984

മരണം : 23. 09. 2024

Trichur
Archdiocesan
Bulletin
TAB

ESTD:1934

നവംബർ 2024
ലക്കം: 11 | വാല്യം: 91

11

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

കച്ചേരിക്കാര്യം 04
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 08
സഹായമെത്രാന്റെ പരിപാടികൾ 10
നാളാഗമം 11
നാമകരണ നടപടികൾ 17
വൈദികർ 22
സന്യസ്തർ 26
സാമ്പത്തിക കാര്യാലയം 32
വിശ്വാസ പരിശീലനം 34
സ്ഥാപനങ്ങൾ 38
സംഘടനകൾ 55

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**നവംബർ 2024**

1 : സകലവിശുദ്ധരുടെ തിരുനാൾ
ആദ്യവെള്ളി
2 : സകലമരിച്ചവരുടെ ഓർമ്മ
3 : പള്ളിക്കൂദാശ ഒന്നാം ഞായർ
5 : വി. സഖറിയാ, വി. ഏലീശ്വാ
10 : പള്ളിക്കൂദാശ രണ്ടാം ഞായർ
17 : പള്ളിക്കൂദാശ മൂന്നാം ഞായർ
ഇന്ന് സമ്പർക്കമാധ്യമദിനം
21: മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം
24: പള്ളിക്കൂദാശ നാലാം ഞായർ
മിശിഹായുടെ രാജത്വതിരുനാൾ
30: വി. അന്ത്രയോസ് ശ്ലീഹാ

**2. നവംബർ മാസത്തെ പരിപാടികൾ**

2 : സന്യസ്തപ്രതിനിധികൾ +
വൈദികസമിതി യോഗം (10:00 am)
സംഘടന ഏകോപനസമിതി യോഗം (02:30 pm)
6 : മേരിമാത സെമിനാരി ഹോംഡേ (10:00 am)
9 : മൈനർ സെമിനാരി ഹോംഡേ (10:30 am)
പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ (02:00 pm)
18 : ഫൊറോനവികാരിമാരുടെ യോഗം (10:30 am)
ആലോചനസമിതിയോഗം (03:00 pm)
19–20: അതിരൂപത വൈദികരുടെ പിക്നിക്
21: ഇന്റർ കൂരിയ മീറ്റിംഗ്
28: വൈദികമാസധ്യാനം & വൈദികസമ്മേളനം
(മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക
തിരുനാൾ)

**3. പള്ളിക്കൂദാശകാലം**

ആരാധനവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം.

മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ അവളുടെ മക്കളോടൊപ്പം സ്വർഗീയ ഓർശ്ലേമാകുന്ന മണവറയിൽ വച്ചു യുഗാന്തത്തിൽ മുഖാമുഖം ദർശിക്കുകയും മണവാളനോടൊപ്പം മഹത്വീകൃതയായി നിത്യസൗഭാഗ്യത്തിലേക്ക് അവൾ പ്രവേശിക്കുകയും ചെയ്യുന്നതാണ് പള്ളിക്കൂദാശക്കാലത്തിൽ അനുസ്മരിക്കുന്നത്.

ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല എന്ന അവബോധത്തിൽ സ്വർഗ്ഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാനും അതിൽ സന്തോഷിക്കാനുമാണ് സഭ നമ്മോട് ആവശ്യപ്പെടുന്നത്. കർത്താവും കുഞ്ഞാടുമാണ് സ്വർഗ്ഗത്തിലെ ദൈവാലയം എന്ന ഉൾക്കാഴ്ച നൽകികൊണ്ട് സ്വർഗത്തിൽ നടത്തപ്പെടുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്ക് സഭാമാതാവ് വിശ്വാസികളെ ക്ഷണിക്കുന്നു.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗീയ മഹത്ത്വരഹസ്യത്തിൽ പൂർത്തിയാകുംവിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

**4. നാമഹേതുക തിരുനാൾ & മെത്രാഭിഷേക വാർഷികം**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും നവംബർ 18നു മെത്രാഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**6. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2024 നവംബർ 9-ന് ശനിയാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തുന്നു.

**7. ഏകദിന ജീവിത മാർഗദർശന ക്യാമ്പ്**

ഭാവിയിൽ തിരഞ്ഞെടുക്കേണ്ട ജീവിതാന്തസുകളെക്കുറിച്ച് വ്യക്തമായ മാർഗം നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുവാൻ ലക്ഷ്യം വെച്ച് തൃശ്ശൂർ മൈനർ സെമിനാരിയിൽ ഏകദിന ക്യാമ്പുകൾ നവംബർ 2 (10,11,12 ക്ലാസ്സ്), നവംബർ16 (9 ക്ലാസ്സ്) നവംബർ 23 (8 ക്ലാസ്) തീയതികളിൽസംഘടിപ്പിക്കുന്നു.

നവംബർ 30 ശനിയാഴ്ച ഈ വർഷം സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ള ഏകദിന ക്യാമ്പ് നടത്തുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സിസ്റ്റേഴ്സും വിശ്വാസ പരിശീലകരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**8. വൈദിക മാസധ്യാനവും വൈദിക ഏകദിനസമ്മേളനവും:**

വൈദികരുടെ മാസധ്യാനം നവംബർ 28 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**9. ഓഫീസ് അവധി :**

2024 ഡിസംബർ 20 മുതൽ 2025 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**10. വൈദികനിയമനം:**

1. ഫാ. സിജോ മുരിങ്ങാത്തേരി- അവധി; സാധുത 2024 സെപ്തംബർ 2 മുതൽ.

2. ഫാ. ജിജോ എടക്കളത്തൂർ - ഇൻ-ചാർജ്ജ് ചിൽഡ്രൻസ് മിനിസ്ട്രി കൂടി; സാധുത 2024 സെപ്തംബർ 2 മുതൽ.

3. ഫാ. റിജോയ് തൈവളപ്പിൽ - പഠനാവധി; നടത്തുവികാരി പല്ലിശ്ശേരി & കപ്ലോൻ സി. എസ്. സി. ഒഴിവായി. സാധുത 2024 സെപ്തംബർ 11 മുതൽ.

4. ഫാ. ലിയോ പുത്തൂർ - നടത്തുവികാരി പല്ലിശ്ശേരി & കപ്ലോൻ സി. എസ്. സി. കൂടി. സാധുത 2024 സെപ്തംബർ 11 മുതൽ.

5. ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ - അവധി; സാധുത 2024 സെപ്തംബർ 22 മുതൽ

6. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ - നടത്തുവികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്. കൂടി; സാധുത 2024 സെപ്തം

ബർ 22 മുതൽ.

7. ഫാ. സാവിയോ (ടിന്റോ) തലോണിക്കര – Left Priesthood

8. ഫാ. സജിൽ കണ്ണനായ്ക്കൽ – Left Priesthood

9. ഫാ. ആന്റണി ചെമ്പകശ്ശേരി – ഇൻ-ചാർജ്ജ് പെരിങ്ങാട് കുരിശുപള്ളി; സാധുത 2024 സെപ്തംബർ 19 മുതൽ.

10. ഫാ. ഡേവിസ് ചക്കാലക്കൽ – അജപാലനശുശ്രൂഷയിൽ നിന്ന് ഒഴിവ്, വികാരി പതിയാരം ഒഴിവായി; സാധുത 2024 ഒക്ടോബർ 2 മുതൽ. താമസം വിയാനി ഭവൻ.

11. ഫാ. ലിയോ പുത്തൂർ – നടത്തുവികാരി പതിയാരം; നടത്തുവികാരി പല്ലിശ്ശേരി, കപ്ലോൻ സി. എസ്. സി.; അസി. ഡയറക്ടർ ക്രൈസ്റ്റ് വില്ല & വിയാനി ഭവൻ ഒഴിവായി. സാധുത 2024 ഒക്ടോബർ 2 മുതൽ.

12. ഫാ. ട്രെജിൻ തട്ടിൽ – നടത്തുവികാരി പല്ലിശ്ശേരി, കപ്ലോൻ സി. എസ്. സി., അസിസ്റ്റന്റ് ആർക്കെവിസ്റ്റ്; അസി. ഡയറക്ടർ ഗ്രേസ് ഹോം ഒഴിവായി. സാധുത 2024 ഒക്ടോബർ 2 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

താലന്തുകളുടെ ഉപമ
**ഉള്ളവനു നൽകപ്പെടും; അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും**
**(മത്താ. 25, 29)**

# ENGAGEMENTS

## NOVEMBER 2024

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | Noon | Talents' Day @ JMMC |
| 2 | Sat | Morning | All Saints' Day, Holy Mass @ Lourdes Cathedral |
| | | | Joint Meeting of CRI - Presbyteral Council @ DBCLC |
| | | Afternoon | Ekopana Samithi Meeting @ Archbishop's House |
| 4 | Mon | Morning | CHF sisters' silver and golden Jubilee @ Olarikkara |
| | | Evening | Ecumenical meeting @ Archbishop's House |
| 5 | Tue | Evening | Kappela&Kodimaram – Blessing @ Chittattukara |
| 6 | Wed | Morning | Bshp. George Alappatt's Death Anniversary, Holy Mass @ Lourdes Cathedral |
| | | | Home Day @ Marymatha Major Seminary |
| 8 | Fri | Evening | Holy Mass, Kooduthurakkal @ Lourdes Cathedral |
| 9 | Sat | Morning | Home Day @ St. Mary's Minor Seminary |
| | | Afternoon | Pastoral Council @ Family Apostolate Centre |
| 10 | Sun | | Installation of Bshp. Prince Panengadan @ Shamshabad |

| | | | |
|---|---|---|---|
| 12 | Tue | Afternoon<br>Evening | Priestly Ordination @ Mundoor<br>Trust meeting @ JMMC |
| 13 | Wed | Noon | Holy Mass @ Daivasabdam Convention |
| 15-17 | | | CCI GBM @ Alphonsa Institute, Pala |
| 18 | Mon | Morning<br>Afternoon | Meeting with Forane Vicars @ DBCLC<br>Consultors' Meeting @ Archbishop's House |
| 21 | Thu | Morning<br>Evening | Inter Curia @ Irinjalakkuda<br>Bharatha Praveshana Thirunal @ Palayoor |
| 23 | Sat | Morning | Meeting with Trustees and Church Clerks @ DBCLC |
| | | Afternoon | Madhyama Dinam, Award Day @ St. Thomas College |
| | | Evening | Forane convention conclusion, message @ Puthoor |
| 24 | Sun | | Episcopal Ordination of Msgr. George Koovakkad @ Changanassery |
| 27 | Wed | Morning | Patron's Day, Holy Mass @ Minor Seminary |
| | | Evening | TheeradesaBible Convention @ Pavaratty |
| 28 | Thu | | Priests' Conference, Monthly Recollection &Festal Celebration of Mar Andrews Thazhath |
| 29 | Fri | Morning | Holy Mass @ Marymatha Major Seminary |
| 30 | Sat | | Feast of Mar Andrews Thazhath |

# ENGAGEMENTS

## NOVEMBER 2024

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01-15 | | | Canada (Priests' Retreat) |
| 16 | Sat | Afternoon | Peechi: Muvattupuzha Diocesan Eucharist Congress |
| | | | Daivasabhdam Convention |
| 17 | Sun | Evening | Pithruvedi Merit Day @ Family Apostolate |
| | | | Golden Jubilee of Vincent De Paul Meeting @ Chiyyaram Vijayamatha |
| 18 | Mon | Morning | Meeting of Forane Vicars @ ABH |
| | | Evening | Consulters' Meeting @ ABH |
| | | | 4th Child Baptism @ Kallur East |
| 19-20 | | | Archdiocesan Priests' Picnic |
| 21 | Wed | Morning | Inter Curia Meeting @ Irinjalakuda |
| 22 | Fri | Evening | Thirunnal Kooduthurakkal @ Dolours Basilica |
| 23 | Sat | Morning | Meeting of Trustees & Clerks |
| 24 | Sun | | Pastoral Visit @ Nenmanikara |
| 25 | Mon | Morning | 4th Child Baptism @ Chittissery |
| | | Evening | PAROC Trust Meeting @ ABH |
| | | | MPC Resource Person Meeting @ Family Apostolate |
| 26-27 | | | Middle Age Course of PAROC |
| 28 | Thu | Morning | Archdiocesan Monthly Recollection & Presbytarium |
| 30 | Sat | Evening | Jubilee Inauguration Meeting @ Eravimangalam |



# നാളാഗമം

## സെപ്തംബർ 2024

1. സാമുദായിക ശാക്തീകരണത്തെ കുറിച്ച് ചർച്ച ചെയ്യാൻ സീനിയേഴ്സ് മാനേജ്മെന്റ് ടീം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ കൂടിയ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വൈകിട്ട് അഞ്ഞൂർ ഇടവകയിലെ പുതിയ വൈദിക മന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വല്ലച്ചിറ ഇടവകയിൽ വി. കുർബാനയർപ്പിച്ചു.
2. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വിശുദ്ധ പീറ്റർ ക്ലാവറിന്റെ തിരുനാളിനോടനുബന്ധിച്ച് ഒളരിക്കര പീറ്റർ ക്ലേവർ കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചെറുത്തൂരുത്തി, ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ഇൻഡക്ഷൻ സെറിമണിയിൽ പങ്കുചേർന്നു.
3. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പുണ്യശ്ലോകനായ മോൺസിഞ്ഞോർ ആന്റണി മാളിയേക്കൽ അച്ചന്റെ 23-ാം ശ്രാദ്ധാചരണത്തോടനുബന്ധിച്ച് പുന്നക്കര ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. പുത്തൂർ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്

നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി.

4. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ചു നടന്ന CHAI കേരളയുടെ 62-ാമത് വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു. കുണ്ടുകാട് ഇടവക യിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി. അതിരൂപത ചാൻസലർ ബഹു. ഫാ. ഡൊമിനിക് തലേക്കോടന്റെ പൗരോഹിത്യ രജത ജൂബിലി യാഘോഷത്തോടനുബന്ധിച്ച് അതിരൂപത കാര്യാലയത്തിൽ വച്ചു നടന്ന ദിവ്യബലിയിലും, ആഘോഷങ്ങളിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

5. നോർബർട്ടെയൻ ഫാദേഴ്സ് പഴയന്നൂരിൽ പണികഴിപ്പിച്ച പുതിയ വൃദ്ധമന്ദിരം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ആശീർവദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ സെന്റ് എവുപ്രാസ്യ തീർത്ഥാടനകേന്ദ്രത്തിൽ തിരുന്നാൾ എട്ടാമിടത്തോടനുബന്ധിച്ചുള്ള വി. കുർബാനയർപ്പിച്ചു. ആലോച നസമിതി യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

6. ചിറക്കേക്കോട് സ്റ്റുഡിയോയിൽ വച്ചു നടന്ന ഷെക്കെയ്ന ന്യൂസിന്റെ 5-ാം വാർഷികാഘോഷത്തിൽ അഭിവന്ദ്യ മാർ ആൻ ഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാച്ചേരി, സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. തൃശ്ശൂർ, സെന്റ്. തോമസ് കോളേജിൽ പ്ലേസ് മെന്റ് സെൽ മീറ്റിംഗിൽ പങ്കെടുത്തു. പൊങ്ങണംകാട് എലിംസ് കോളേജിൽവെച്ച് ഇരുപത്തിയൊന്നാം എം ബി എ ബാച്ചിന്റെ ഉദ്ഘാടനം നടത്തി. അഭിവന്ദ്യ പിതാക്കന്മാർ ഫിനാൻസ് കൗൺ സിലിൽ പങ്കെടുത്തു.

7. പാലക്കാട് കത്തീഡ്രലിൽ വച്ചു നടന്ന പാലക്കാട് രൂപതയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കോതമംഗലം രൂപതയിലുള്ള നാകപ്പുഴ തീർത്ഥകേന്ദ്ര ത്തിൽ എട്ടുനോമ്പിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. വേലൂപാടം ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അൾത്താരകൂദാശ ചെയ്തു. തോട്ടത്തിൽ ലെയ്ൻ, ശാന്തി ഭവൻ കോൺവെന്റിലെ സി. മേരി ലൂർദ്ദിന്റെ മൃതദേഹശുശ്രൂഷയിൽ മുഖ്യകാർമ്മികനായി. വൈകുന്നേരം കരുമത്ര ഇടവകയിൽ തിരുന്നാൾ കൂടുതുറക്കലിനും വി. കുർബാ നയ്ക്കും കാർമ്മികത്വം വഹിച്ചു.

8. പുതുതായി പണി കഴിപ്പിച്ച ചൂണ്ടൽ ഇടവക ദൈവാലയത്തിന്റെ കൂദാശാകർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു. മുണ്ടത്തിക്കോടുള്ള സ്നേഹാലയം അഗതിമന്ദിരം സന്ദർശിച്ച് അന്തേവാസികളോടു കൂടെ പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് താന്ന്യം ഇടവകയിൽ അഖണ്ഢ ജപമാലയുടെ സമാപനദിനത്തിൽ വി. കുർബാനയർപ്പിച്ചു. പാലാഴി ഇടവകയുടെ കീഴിലുള്ള കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം നടത്തുകയും ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും ചെയ്തു. വൈകുന്നേരം, കല്ലൂർ പടിഞ്ഞാറെ ഇടവക ദൈവാലയത്തിൽ അൾത്താരകൂദാശയ്ക്ക് മുഖ്യകാർമ്മികനായി.

8-27 തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കായുള്ള വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി (ആദ്യ ബാച്ച് ജെറുസലേം ധ്യാനകേന്ദ്രത്തിലും മറ്റു രണ്ടു ബാച്ചുകൾ മേരിമാത മേജർ സെമിനാരിയിലും വച്ച്) നടത്തപ്പെട്ടു(08/09/2024 13/09/2024)(15/09/2024 20/09/2024) (22/09/2024 27/09/2024). റവ.ഫാ. റോയ് പാലാട്ടി സി.എം.ഐ. ആയിരുന്നു ധ്യാനഗുരു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യമുണ്ടായിരുന്നു.

9. പുതുക്കിപ്പണിത ലൂർദ്ദ്പുരം നിർമ്മലഭവൻ കോൺവെന്റ് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ആശീർവദിക്കുകയും അവിടെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഒളരിക്കര ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി.

10-13 ബംഗളൂരുവിൽ വച്ചു നടന്ന സി.ബി.സി.ഐ. യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

10. മുളയം, മേരിമാതാ മേജർ സെമിനാരിയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

13. ചിയ്യാരം ലേഡി വിക്ടറി കോൺവെന്റിലെ സി. ഹോണെസ്റ്റയുടെ മൃതദേഹസംസ്കാരശുശ്രൂഷിയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികനായി.

14. സാധാരണക്കാരന് ഉപജീവനമാർഗ്ഗം, രോഗികൾക്കു സൗജന്യയാത്ര എന്നീ ലക്ഷ്യങ്ങളോടെ തൃശ്ശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ 'സാന്ത്വനം' ആരംഭിച്ച ഗ്രീൻ ഓട്ടോ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനവും ആശീർവാദവും അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു.മുണ്ടൂർ സി.എൽ.സി.യുടെ സുവർണ ജൂബിലിയോട നുബന്ധിച്ച് ദൈവാലയത്തിനു മുമ്പിൽ സ്ഥാപിച്ച കൽക്കുരിശ് വെഞ്ചിരിക്കുകയും ദൈവാലയത്തിൽ

ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ചൂണ്ടൽ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആഘോഷമായ വി.കുർബാന സ്വീകരണം നടത്തി. ചിറ്റിശ്ശേരി ഓാറയുടെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. കുണ്ടന്നൂർ ഇടവക യിലെ സെന്റ് വിൻസെന്റ് ഡി പോൾ നിർമ്മിച്ചു നൽകിയ ഭവന ങ്ങൾ വെഞ്ചിരിച്ചു.

15. വിശുദ്ധ കുരിശിന്റെ തിരുനാളിനോടനുബന്ധിച്ച് കാൽവരി ആശ്രമ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ ദിവ്യബലിയർപ്പിച്ചു.

16–19 അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാനോടൊപ്പം ഏവുപ്രാസ്യ മിഷൻ സന്ദർശിച്ചു.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വിശാഖപട്ടണത്തുള്ള റോസ് ഹിൽ, സെന്റ് മേരീസ് ദൈവാലയം സന്ദർശിച്ചു. വിശാഖ പട്ടണത്ത് റവ. ഫാ. ജോഫി ചിറയത്ത് നേതൃത്വം കൊടുക്കുന്ന സീറോ മലബാർ പ്രവാസി സമൂഹത്തോടുകൂടെ MSFS വൈദി കരുടെ ഭവനത്തിൽ വൈകീട്ട് ദിവ്യബലിയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ പ്ലാൻ അവിടെവച്ച് അംഗീകരിച്ച് പ്രകാശനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെണ്ടോർ ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോ ദിസ നൽകി. തുടർന്ന് തണ്ടിലം ഇടവകയിർ തിരുഹൃദയത്തിന്റെ രൂപം വെഞ്ചിരിക്കുകയും ഇടവക ദൈവലായത്തിനടുത്ത് സ്ഥാ പിതമായ പുതിയ മഠം വെഞ്ചിരിക്കുകയും വി. കുർബാനയർപ്പി ക്കുകയും ചെയ്തു. തൃശ്ശൂർ പരി. വ്യാകുലമാതാവിന്റെ ബസിലി ക്കായിൽ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി.

17. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഏവുപ്രാസ്യ മിഷനിൽ എസ്കോട്ടയിലെ പനസുമ വൽസ ഗ്രാമത്തിൽ ബഹു. ഫാ. ഡെൻസ്റ്റൺ ഒലക്കേങ്കിലിന്റെയും ബഹു. ഫാ. റോയ്സൺ കൊള്ളന്നൂരിന്റെയും നേതൃത്വത്തിൽ പണി കഴിപ്പിച്ച പുതിയ ദൈവാലയം ആശീർവദിച്ചു. തുടർന്ന് വിജയനഗരത്തുള്ള ഹോളി സ്പിരിറ്റ് മഠത്തിലെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കുണ്ടന്നൂർ ഡിവി നോ അമോരെ മഠത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

18. ഏവുപ്രാസ്യ മിഷനിലെ വീരഘട്ടത്ത് ബഹു. ഫാ. അഭിജിത്ത് പടിഞ്ഞാറെക്കരയുടെയും എഫ്.സി.സി. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടക്കുന്ന കെവി ഗോറ ഗ്രാമത്തിലെ മിഷനിൽ

പുതിയ ദൈവാലയത്തിനുള്ള തറക്കല്ല് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ആശീർവദിക്കുകയും തുടർന്ന് അടുത്തുള്ള കുമ്പിടി ഇച്ഛാപുരത്ത് ഒരു പാസ്റ്റർ നിർമ്മിച്ച ദൈവാലയത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. കുറുപ്പം ഗ്രാമത്തിൽ ബഹു. ഫാ. യേശുദാസ് നെടുമ്പാക്കാരനും ബഹു. ഫാ. ജിനു പയ്യപ്പിള്ളിയും മഞ്ചേരിയാൽ പ്രൊവിൻസിലെ സി.എം.സി. സിസ്റ്റേഴ്സും നേതൃത്വം നല്കുന്ന കുറുപ്പം മിഷനിൽ ദിവ്യബലിയർപ്പിക്കുകയും മറ്റു തിരുകർമ്മങ്ങൾ പരികർമ്മം ചെയ്യുകയും ചെയ്തു. വെട്ടിക്കൽ സമരിറ്റൻ ജനറലേറ്റിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

19. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് എസ്കോട്ടയിലുള്ള സി.എം.സി. സിസ്റ്റേഴ്സിന്റെ കപ്പേളയിൽ ദിവ്യബലിയർപ്പിക്കുകയും, തുടർന്ന്, വിശാഖപട്ടണത്തുള്ള സീറോ മലബാർ ദൈവാലയത്തിനുവേണ്ടി വാങ്ങിയ സ്ഥലം സന്ദർശിക്കുകയും ചെയ്തു. പുതുക്കാട് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി.

21. പൊന്നാനി എഫ്.സി.സി. വിജയമാത കോൺവെന്റിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് അവിടെ ദിവ്യബലിയർപ്പിക്കുകയും ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വെണ്ടോർ പള്ളി ശതാബ്ദിയോടനുബന്ധിച്ചുള്ള കൺവെൻഷൻ വേദിയുടെ ആശീർവാദം നിർവഹിച്ചു. പുല്ലഴി സെന്റ് ജോസഫ് ഹോമിലെ നവീകരിച്ച പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ആശീർവാദവും പുതിയ ഡ്രൈയിംഗ് യൂണിറ്റിന്റെ ഉദ്ഘാടനവും നിർവഹിച്ചു. കണ്ടശ്ശാങ്കടവ് ഇടവകയിൽ ബഹു. ഫാ. പോൾ തേയ്ക്കാനത്തിന്റെ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കുചേർന്നു. മുണ്ടൂർ ഇടവകയിലെ ഭക്തസംഘടനകളുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ജൂബിലിയുടെ ട്രസ്റ്റ് യോഗത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വെള്ളാറ്റഞ്ഞൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വില്ലടം ഇടവകയിൽ ഇടവക സന്ദർശനം നടത്തി.

23. ഏങ്ങണ്ടിയൂരിൽ പുതുതായി പണി കഴിപ്പിച്ച എഫ്.സി.സി. സെന്റ് വിൻസെന്റ് കോൺവെന്റിന്റെ ആശീർവാദ കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു.

24. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ'ഡോൾച്ചി പെൻസിയേരി (മധുരിക്കുന്ന ചിന്തകൾ) എന്ന പുസ്തകം അഭിവന്ദ്യ മാർ

ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് പ്രകാശനം ചെയ്തു. ബഹു. ഫാ. ചാക്കോ ചെറുവത്തൂരിന്റെ മൃതസംസ്കാരത്തിന് ഏനമ്മാവ് ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ കാർമികത്വം വഹിച്ചു.

25. കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ കുട്ടികൾക്കായി പുതുതായി പണികഴിപ്പിച്ച സ്വിമ്മിംഗ് പൂളിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു. ആബാ റിന്യൂവൽ സെന്ററിൽ വച്ചു കൂടിയ തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് മൂവ്മെന്റ് കോർ ടീമിന്റെ കൂട്ടായ്മയിൽ സന്ദേശം നല്കി.

27. മുളയം മേരിമാത സെമിനാരിയിൽ വച്ചു അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ വൈദികസമിതി യോഗവും, വൈദിക ക്ഷേമനിധി യോഗവും കൂടുകയുണ്ടായി. പെരിങ്ങണ്ടൂർ ടിംഹാൻസിന്റെ പുതിയ ലോഗോ മേരിമാത സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ പ്രകാശനം ചെയ്തു. ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

28. സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന സ്പെഷ്യൽ സ്കൂൾ മാനേജർമാരുടേയും പ്രിൻസിപ്പൽമാരുടേയും കോൺഫറൻസ് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചു നടന്ന ബെനഫാക്ടേഴ്സ് (ഉപകാരികളുടെ) യോഗത്തിൽ പങ്കെടുത്തു. കൊട്ടേക്കാട് ഇടവക ദൈവാലയത്തിന്റെ 1025-ാമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം കൊട്ടേക്കാട് ദൈവാലയത്തിൽ വച്ച് നിർവഹിച്ചു. ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടന്ന കുട്ടിക്കൂട്ടായ്മ ആനിമേറ്റേഴ്സിന്റെ മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

29. സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിൽ സംബന്ധിക്കുന്നതിനായി അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് റോമിലേക്ക് പോയി. ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടന്ന നവദമ്പതിമാരുടെ യോഗത്തിൽ മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

30. ചേറൂർ, നെസ്റ്റ് ഡീ അഡിക്ഷൻ സെന്ററിൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു. തുടർന്ന്, ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടന്ന വൈദികർക്കുവേണ്ടി പ്രാർഥിച്ച കുടുംബങ്ങളുടെ യോഗത്തിൽ പങ്കെടുത്തു.

# നാമകരണ നടപടികൾ

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചന്റെ 68-ാം ശ്രാദ്ധാചരണം**

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 68-ാം ശ്രാദ്ധാചരണം 2024 ഒക്ടോബർ 13 ഞായറാഴ്ച്ച, ഈ പുണ്യ വൈദികൻ അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ആചരിച്ചു. ഒക്ടോബർ 1 മുതൽ 11 വരെയുള്ള പ്രത്യേക തിരുകർമ്മങ്ങൾ നിരവധി വിശ്വാസികൾ ഏറ്റെടുത്തു നടത്തുകയും ബഹു. പുരോഹിത ശ്രേഷ്ഠർ വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു. 13 മണിക്കൂർ ആരാധനാദിനം, ഊക്കൻ സ്മാരക സമിതി നടത്തിയ ഇരുപതാമത് അഖിലകേരള ചിത്രരചന മത്സരം, അഖണ്ഡ ബൈബിൾ പാരായണദിനം, അഖണ്ഡ ജപമാലദിനം, സാമൂഹ്യപ്രതിബദ്ധാ താദിനം, ക്ലോത്ത് ബാങ്ക് ഉദ്ഘാടനം, ഫൊറോന തല

മാതൃദിനം, വാഹന വെഞ്ചിരിപ്പ്, രക്തദാനദിനം, ഒരുക്കധ്യാനം, വൈദിക സമർപ്പിത സംഗമദിനം, ഉപവാസ പ്രാർത്ഥനദിനം, വയോജനസംഗമം, എന്നിങ്ങനെ ആത്മീകവും സാമൂഹികവുമായ കർമ്മങ്ങൾ നടത്തുകയുണ്ടായി. 12-ാം തീയതി വൈകുന്നേരം റാസാകുർബാനയും കാലാതീതനായ കർമ്മയോഗി എന്ന ഡോക്യുമെന്ററിയുടെ പ്രിവ്യൂ പ്രദർശനവും ഉണ്ടായിരുന്നു. 13-ാം തീയതി ശ്രാദ്ധദിനത്തിൽ രാവിലെ 5:45ന് ഊക്കനച്ചന്റെ ഇടവകയായ പറപ്പൂർ സെന്റ് ജോൺ നെപുംസ്യാൻ പള്ളിയങ്കണത്തിൽ നിന്ന് പുറപ്പെട്ട പദയാത്രയോടു കൂടെ എരുമപ്പെട്ടി ഫൊറോന തലം, ഗുഡ് ഷെപ്പേർഡ് മേഖല, കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക, പാറേമ്പാടം മേഖല എന്നീ പദയാത്രകളും രാവിലെ 10.15ന് ചൊവ്വന്നൂർ പള്ളിയങ്കണത്തിൽ എത്തിച്ചേർന്നു. പാലക്കാട് രൂപ താ അധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ് പദയാത്രി കരെ സ്വീകരിച്ചു. തുടർന്ന് 10.30ന് അഭിവന്ദ്യ പിതാവ് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

‘‘അപേക്ഷിക്കുന്നവരെ ഒരിക്കലും ഉപേക്ഷിക്കാത്ത പുണ്യ പിതാവാണ് ധന്യനായ ഊക്കനച്ചൻ. ദൈവപിതാവ് സ്വർഗ്ഗത്തിൽ സുസ്ഥിരമായി പ്രതിഷ്ഠിച്ചിരിക്കുന്ന വൈദികനാണദ്ദേഹം. ഒരു വൈദിക ജീവിതത്തിലൂടെ ദൈവം ആഗ്രഹിച്ചതെല്ലാം പൂർത്തിയാ ക്കുന്നതിന് കർത്താവ് അനുഗ്രഹിച്ച അജപാലകൻ! വിവിധ ശുശ്രൂ ഷകൾക്കിടയിലും ആത്മീയതയിൽ അദ്ദേഹം വളർന്നു. ആത്മാക്കളെ തേടുന്ന ഇടയനായി. തനിക്കുള്ള വൈദഗ്ധ്യങ്ങളെല്ലാം ഉപയോ ഗിച്ച് മനുഷ്യനന്മയ്ക്ക് വേണ്ടി പ്രയോഗിച്ചു. തന്റെ സർവ്വസമ്പത്തി ന്റെയും മേൽനോട്ടത്തിനായി യജമാനൻ നിയോഗിച്ച വിശ്വസ്ത കാര്യസ്ഥൻ. പാറമേൽ അടിസ്ഥാനമിട്ട് ഭവനം പണിത വിവേകശാലി! സരളമായും സരസമായും അഭിവന്ദ്യ കൊച്ചുപുരയ്ക്കൽ പിതാവ് ധന്യനായ ഊക്കനച്ചന്റെ ഒരു വാങ്മയ ചിത്രം വിശ്വാസഹൃദയങ്ങളിൽ വരച്ചിട്ടു.

വിശുദ്ധ കുർബാനയ്ക്കു ശേഷം കബറിടത്തിൽ പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചു. മിസ്റ്റർ ആന്റണി കണ്ടംപറമ്പിൽ രചനയും സംവിധാനവും നിർവഹിച്ച ‘‘കാലാതീതനായ കർമ്മയോഗി-ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ’’ എന്ന ഡോക്യുമെന്ററിയുടെ ഓൺലൈൻ റിലീസിംഗ് അഭിവന്ദ്യ പിതാവ് നിർവഹിച്ചു. പിന്നീട് ഊക്കൻ സ്മാരകസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 20-ാം മത് അഖിലകേരള ചിത്രരചന മത്സര വിജയികൾക്കുള്ള സമ്മാന ദാനവും, തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ പ്രത്യേകം സഹായിച്ച വിശിഷ്ട വ്യക്തികളെ ആദരിക്കലും നടത്തി. അഭിവന്ദ്യ പിതാവി

നോടൊപ്പം രൂപത വൈദീകരും സന്യാസ വൈദികരും കുന്നംകുളം എക്യുമെനിക്കൽ കൂട്ടായ്മയിലെ വൈദികരും ആദ്യന്തം ചടങ്ങുകളിൽ പങ്കെടുത്തു. ചാരിറ്റി സന്യാസിനിമാരെ കൂടാതെ മറ്റു സമർപ്പിത സഹോദരിമാരുടെയും  സാന്നിധ്യം ചടങ്ങുകളെ അനുഗ്രഹ പൂരിതമാക്കി. എല്ലാറ്റിലുമുപരി തങ്ങളുടെ 'അച്ചൻ തമ്പുരാനോട്' മധ്യസ്ഥം അപേക്ഷിക്കാൻ ചൊവ്വന്നൂരിന്റെ മണ്ണിലേക്ക് കടന്നുവന്ന ജനസഹസ്രങ്ങൾ തിരുകർമ്മങ്ങളെ ഏറെ ശോഭ ഉള്ളതാക്കി. ചാരിറ്റി സന്യാസനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ റിൻസി സി. എസ്.സി. ഏവർക്കും നന്ദി പറഞ്ഞു. പിന്നീട് ആയിരങ്ങൾ പങ്കെടുത്ത നേർച്ച ഊട്ടോടെ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 68-ാം ശ്രാദ്ധാചരണത്തിന് പരിസമാപ്തിയായി.

ധനികനായ യുവാവ്

**എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**

**(മത്താ. 19, 29)**

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



കാഴ്ചസമർപ്പണത്തിന്റെ അർത്ഥമാണ് കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചത്. അത് ഇവിടെ തുടരുന്നു. സെഹിയോൻ ഊട്ടുശാലയിൽ യേശുവിന്റെ സ്വയം സമർപ്പണം ക്രൂശുമരണത്തിലേക്ക് എത്തിനിന്നു. വി. കുർബാനയിൽ ഈശോയുടെ തിരുശരീരരക്തങ്ങൾ സമർപ്പിക്കുമ്പോൾ അത് കാൽവരിയിലേക്ക് തിരിഞ്ഞുനോക്കലാണ്. സ്വയം സമർപ്പണത്തിന്റെ, മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിന്റെ ഈ മഹാപ്രവൃത്തി മനുഷ്യനും ദൈവത്തിനും ഇടയിൽ ഒരു കണ്ണിയാകുന്നു. കാലത്തിൽ സംഭവിക്കുന്ന ഒരു രഹസ്യമാണെങ്കിലും അത് അതിന്റെ നിത്യമായ ഫലദായകത്വത്തിൽ കാലത്തെ കീഴടക്കുന്നു. എന്നാൽ യഥാർത്ഥ സമർപ്പണം നടക്കുന്നത് എവിടെയാണ്? പഴയനിയമബലികളിൽ ബലിവസ്തു യാഗപീഠത്തിൽ വയ്

ക്കുമ്പോൾത്തന്നെ അത് സമർപ്പിക്കപ്പെട്ടതായി കാണാം. കാരണം യാഗപീഠം ദൈവത്തെ സൂചിപ്പിക്കുന്നു. യഹൂദപുരോഹിതൻ ബലി മൃഗത്തിന്റെ രക്തമെടുത്തു പീഠത്തിന്മേൽ തളിക്കുന്നു. ബലിമൃഗ ത്തിന്റെ ജീവൻ ദൈവത്തിന് സമർപ്പിക്കപ്പെട്ടു എന്ന് ഇവിടെ വ്യക്ത മാക്കപ്പെടുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയിൽ, കൂദാശാവച നങ്ങൾ വഴി അവിടുന്ന് അൾത്താരയിലേക്ക് ഇറങ്ങിവരുന്ന അതേ പ്രവൃത്തിയിൽത്തന്നെ ക്രിസ്തു സമർപ്പിക്കപ്പെടുന്നു. നമ്മുടെ രക്ഷ ക്കായി ക്രിസ്തു സഹിച്ച ക്രൂശുമരണം ഈ കർമ്മത്തിലൂടെ നാം അവതരിപ്പിക്കുകയും ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.

ഈ വി.ബലിയുടെ അന്തരാർത്ഥം നാം ഇനിയും കണ്ടെത്തിയി ട്ടില്ല എന്ന് ഗ്രന്ഥകാരൻ (ഫാ. പുട്ട്സ്) പറയുന്നു.

നാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടൊപ്പവും നമ്മെ ത്തന്നെ സമർപ്പിക്കുന്നു. നാം ദൈവത്തിനർപ്പിക്കുന്ന കാൽവരിയിലെ ബലിവസ്തുവായി നമ്മുടെ കാഴ്ചകൾ മാറിക്കഴിഞ്ഞു. എല്ലാ സമർ പ്പണവും ആന്തരിക സമർപ്പണത്തിന്റെ അടയാളമാണ്. കാഴ്ചവസ്തു ക്കളോടെയും അതിലൂടെയും നാം സമർപ്പണമാരംഭിച്ചു. ഇപ്പോൾ ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിലും നാം നമ്മെത്തന്നെ സമർ പ്പിക്കുന്നു. നമ്മുടെ സ്നേഹവും ഭക്തിയും ഇപ്പോൾ വഹിക്കുന്നത് കാൽവരിയിലെ ബലിവസ്തുവാണ്. ദൈവത്തോടുള്ള നമ്മുടെ സ്വയം സമർപ്പണം യേശുവിലൂടെ നടക്കുന്നു എന്ന് ഗ്രന്ഥകാരൻ വ്യക്ത മാക്കുന്നു.

ബലിയിലെ കാഴ്ചവസ്തുക്കൾ നമ്മുടെ ആന്തരിക സമർപ്പണ ത്തിന്റെ പ്രതീകങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ (വി. കുർബാന യിലെ) ബലിവസ്തുവാണ് നമ്മുടെ സ്വയം സമർപ്പണത്തെ സൂചിപ്പി ക്കുന്നത്. നമ്മിലൂടെ അവിടുന്ന് സ്വയം സമർപ്പിച്ച് നമ്മുടെ സ്വയം സമർപ്പണത്തിന്റെ വാഹകനായി, നമ്മുടെ സ്നേഹത്തെ തന്റേതി നോട് കൂട്ടിച്ചേർത്ത്, അതിനെ തന്റെ ഏകസമർപ്പണമാക്കി മാറ്റുന്നു. നമ്മിൽ ക്രിസ്തു സ്വയം സമർപ്പിക്കുന്നത് ദൈവം കാണുന്നു.

വി. ബലിയിൽ നാം പങ്കെടുക്കുമ്പോൾ നിത്യപുരോഹിതനായ ക്രിസ്തുവിനോടു ചേർന്ന് നാം സ്വയം സമർപ്പിക്കണമെന്ന് ദൈവ ദാസൻ അന്തോണിയച്ചൻ തന്റെ ജനങ്ങളെ ഉദ്ബോധിപ്പിക്കുമായി രുന്നു. മുകളിൽ പറഞ്ഞ വിചിന്തനങ്ങളായിരുന്നു അതിന്റെ അടിസ്ഥാനം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. അനീഷ് കൂത്തൂർ | 02 |
| ഫാ. മനോജ് താണിക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ജാക്സൻ ചാലക്കൽ | 04 |
| ഫാ. ചെറിയാൻ പാറക്കൽ | 04 |
| ഫാ. പ്രിജോവ് വടക്കേത്തല | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 |
| ഫാ. സിബിൻ ഊക്കൻ | 05 |
| ഫാ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സനൽ മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| ഫാ. ഡെറിൻ അരിമ്പൂർ | 23 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |




| | |
|---|---|
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |




| | |
|---|---|
| ഫാ. ജോർജ്ജ് പുളിക്കൻ | 14.11.1854 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 20.11.2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |
| ഫാ. അഗസ്റ്റിൻ മംഗലം | 07.11.2021 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 26.11.2022 |

## ആദരാഞ്ജലികൾ



### റവ. ഫാ. ചാക്കോ ചെറുവത്തൂർ (64)

കർമ്മനിരതനായ അജപാലകൻ, ബന്ധങ്ങളെ ഊഷ്മളമാക്കുന്ന വൈദികൻ എന്നിങ്ങനെ പൗരോഹിത്യ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ പരിമളമായി മാറിയ അതിരൂപതയിലെ വൈദികനായ ചെറുവത്തൂർ ബഹു. ചാക്കോച്ചൻ 23.09.2024 ന് അറുപത്തിനാലാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നടത്തറ ഇടവക വികാരിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം.

ഏനമ്മാവ് ഇടവകയിലെ ചെറുവത്തൂർ പരേതരായ റാഫേൽ -കുഞ്ഞില ദമ്പതികളുടെ മകനായി 11.08.1960ൽ അദ്ദേഹം ജനിച്ചു. 27.12.1984ൽ മാർ റാഫേൽ ചീനാത്ത് പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വടക്കാഞ്ചേരി, അരണാട്ടുകര, മറ്റം എന്നിവിടങ്ങളിൽ സഹവികാരി, ആളൂർ ഇടവകയിൽ വികാരി ഇൻ ചാർജ്ജ്, അഞ്ഞൂർ, ഏങ്ങണ്ടിയൂർ, പൊറത്തൂർ, ആറംപിള്ളി,

കിരാലൂർ, മങ്ങാട്, പതിയാരം, ആളൂർ, ചിറ്റിശ്ശേരി, തലക്കോട്ടുകര, തണ്ടിലം, മണലൂർ കിഴക്ക്, പരക്കാട്, വരന്തരപ്പിള്ളി പള്ളിക്കുന്ന്, കുണ്ടന്നൂർ, എറവ്, തൃശ്ശൂർ സെന്റ് ആൻസ്, ബ്രഹ്മകുളം എന്നീ ഇടവകകളിൽ വികാരി, ചേലക്കര, പുത്തൂർ എന്നിവിടങ്ങളിൽ ഫൊറോന വികാരി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രീസ്റ്റ് വെൽഫെയർ സെക്രട്ടറി, വൈദികസമിതിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ നടത്തറ വികാരിയായി സേവനം ചെയ്തുവരികയായിരുന്നു. ഏങ്ങണ്ടിയൂർ സ്കൂൾ നിർമ്മാണം, ആളൂർ ഇടവക പാരിഷ് ഹാൾ, സെമിത്തേരി, ചിറ്റിശ്ശേരി ഇടവകയിൽ മതബോധനസ്കൂൾ, സെമിത്തേരി, വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ ദൈവാലയ പുനരുദ്ധാരണം എന്നിവ ബഹു. ചാക്കോ ചെറുവത്തൂരച്ചന്റെ ശ്രദ്ധേയമായ സേവനങ്ങളിൽപ്പെടുന്നു.

2024 സെപ്തംബർ 23ന് തിങ്കളാഴ്ച വൈകീട്ട് 5.30 ന് നടത്തറ സേക്രട്ട്ഹാർട്ട് ഇടവകപള്ളിയിലെ ദിവ്യബലിക്കുശേഷം 6.30 മുതൽ 8.00 മണി വരെയും 24ന് ചൊവ്വാഴ്ച്ച തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ രാവിലെ 6.30നുള്ള ദിവ്യബലിയ്ക്ക് ശേഷം, രാവിലെ 8:00 മണിവരെയും മൃതദേഹം പൊതുദർശനത്തിന് വച്ചു. തുടർന്ന് മൃതദേഹം ഏനാമ്മാവ് ഇടവകയിലെ സഹോദരൻ ജോൺസന്റെ വസതിയിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 2.00 ന് വീട്ടിലുള്ള മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മൃതദേഹം ഏനമ്മാവ് പരി. കർമ്മല മാതാവിന്റെ ഇടവക ദൈവാലയത്തിലേക്ക് സംവഹിക്കുകയും മൃതസംസ്കാരശുശ്രൂഷ നടത്തുകയും ചെയ്തു. മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നും നാലും ഭാഗങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചെറുവത്തൂർ ബഹു. ചാക്കോ അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!!

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### സെപ്റ്റംബർ 2024

**സി.എസ്.സി.**

2024 സെപ്റ്റംബർ 16 ന് മരിയ ഭവൻ ജനറലേറ്റിൽ വച്ച് ജനറൽ പ്ലീനറിയും 17-ാം തീയ്യതി മുതൽ 21-ാം തിയതി വരെ മൂന്നാർ ആവില ഇക്കോ സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് മേജർ സുപ്പീരിയേഴ്സിന് ധ്യാനവും, തുടർന്ന് ജോയിന്റ് കൗൺസിൽ മീറ്റിംഗ് നടത്തി. മരിയ പ്രവിശ്യയുടെ ചിറ്റിശ്ശേരിയിലെ സോഷ്യൽ സെന്ററായ ഓറയുടെ (AURA) പുതിയ കെട്ടിടത്തിന്റെ തറക്കല്ലിട്ടു. മുല്ലശ്ശേരി ഗുഡ് ഷേപ്പേർഡ് ഇടവകയിൽ ഒക്ടോബർ 3 മുതൽ ഹോമിഷൻ ആരംഭിച്ചു. സ്ഥാപക പിതാവ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 68-ാമത് ചരമ വാർഷികത്തോടാനുബന്ധിച്ചു അനുസ്മരണാർത്ഥം ചൊവ്വന്നൂർ സെന്റ് മേരിസ് വിദ്യാലയത്തിൽ വെച്ച് ഊക്കൻ ഫെസ്റ്റ് (UKKEN FEST) 2024 എന്ന പേരിൽ തൃശ്ശൂർ മരിയ പ്രൊവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളെയും സംഘടിപ്പിച്ചു കൊണ്ട് കലാമേള നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ആഗസ്റ്റ് 14 ന് തൃശ്ശൂർ അതിരൂപതാ ബിഷപ്പ് ഹൗസിൽ വച്ച് നടത്തിയ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ ബഹു. മദർ ജനറൽ സി റിൻസി, ബഹു. മദർ വെൺമ, ബഹു സി. ഓസിയ എന്നിവർ പങ്കെടുത്തു. 2024 ആഗസ്റ്റ് 22 ന് പാലാ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ അഞ്ചാമത് സമ്മേളനത്തിൽ ബഹു. മദർ ജനറൽ സി. റിൻസി സി എസ് സി പങ്കെടുത്തു. ആഗസ്റ്റ് 25, 26 തീയതികളിൽ മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് ഫയർകോൺഫ്രൻസ് നടത്തി.മരിയ പ്രവിശ്യയുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ - 'CSC സഹയാത്ര' സന്ദർശിച്ചത് മണലൂർ, മുണ്ടത്തിക്കോട്, ചൊവന്നൂർ എന്നിവിടങ്ങളിലെ രോഗികളെയായിരുന്നു. 2024 ഓഗസ്റ്റ് 25, 26 തീയതികളിൽ ആയി തിയതികളിലായി കുറുക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയസ് കോൺഫ്രൻസ് നടത്തി. അഇാട 24 you are the next chapter എന്ന പേരിൽ 2008 മുതൽ 2018 വരെയുള്ള വർഷങ്ങളിലെ നിത്യവ്രതം ചെയ്ത എല്ലാ സിസ്റ്റേഴ്സിനുമായി ഒരു ഒത്തുകൂടൽ

സംഘടിപ്പിച്ചു. കല്ലൂർ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ സെപ്റ്റംബർ 2 മുതൽ പുതുതായി ആരംഭിച്ച ആയുർവേദ വിഭാഗത്തിന്റെ ചാർജ് എടുത്ത ബഹു. സി. നിർലീനക്ക് മരിയ കുടുംബത്തിന്റെ ആശംസകൾ. ചാരിറ്റി സന്യാസിനി സമൂഹവും തൊയക്കാവ് ഇടവക സമൂഹവും ചേർന്ന് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ അനുസ്മരണാർത്ഥം 2024 സെപ്റ്റംബർ 8 ന് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി.

**എസ്. എ.ബി.എസ്.**

പ്രായമായ സിസ്റ്റേഴ്സിനായി പടവരാട് വച്ച് സെപ്റ്റംബർ 1 മുതൽ 4 വരെ സി. സെലിൻ കുത്തുകല്ലേൽ (മാനന്തവാടി) ന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. ധ്യാനാവസാനത്തിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിന് റവ. ഫാ. ആൽബർട്ട് ഒസിഡി നേതൃത്വം നൽകി. സെപ്റ്റംബർ 4 ന് സാഗർ ബിഷപ്പ് മാർ ജെയിംസ് അത്തിക്കളം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. സെപ്റ്റംബർ 11 ന് സി. മെറിൻ മാഞ്ഞാലി തന്റെ പുതിയ പ്രേഷിതശുശ്രൂഷയ്ക്കായി സാഗർ മിഷനിലേക്ക് യാത്രയായി. സെപ്റ്റംബർ 14 ന് പുതുക്കാട് ഭവനസമൂഹത്തിലുള്ള സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ സംഗമം നടത്തി. പ്രോവിൻസിൽ നിന്നും പഠനസഹായം സ്വീകരിക്കുന്ന വിദ്യാർത്ഥികളുടെ ഏകദിന ക്യാമ്പ് തൃശൂർ നിർമ്മലമാതാ സ്കൂളിൽ വച്ച് സെപ്റ്റംബർ 14 ന് നടത്തി. സെപ്റ്റംബർ 15 മുതൽ 20 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ Paryer Days ൽ 23 പേർ പങ്കെടുത്തു. കപ്പൂച്ചിൻ സഭാംഗമായ റവ. ഫാ. ജെയ്സൺ വടക്കൻ ക്ലാസ് നൽകി. സെപ്റ്റംബർ 17 ന് ജൂണിയേഴ്സ് സിസ്റ്റേഴ്സിനായി സഭാതലത്തിൽ നടത്തിയ പരീക്ഷയിൽ 20 ജൂണിയർ സിസ്റ്റേഴ്സ് പങ്കെടുത്തു. സെപ്റ്റംബർ 21 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിലുള്ള സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ സംഗമം നടത്തി. റവ. ഫാ. ചാക്കോ ചെറുവത്തൂരിന്റെ ആകസ്മിക വേർപാട് അറിഞ്ഞപ്പോൾ ബ. പ്രൊവിൻഷ്യാളമ്മയുടെ അഭാവത്തിൽ വികർ പ്രൊവിൻഷ്യൽ സി. മേഴ്സിറ്റ കണ്ണമ്പുഴയും ഏതാനും സിസ്റ്റേഴ്സും ജൂബിലി മിഷൻ പ്രീസ്റ്റ് ഹോമിൽ അച്ചന്റെ ഭൗതീകശരീരം സന്ദർശിച്ച് പ്രാർത്ഥിച്ചു. എറണാകുളം പ്രോവിൻസ് അംഗമായ സി. ആൽഫി തോട്ടാപ്പിള്ളി സെപ്റ്റംബർ 24 മുതൽ 27 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രീ ആസ്പിരൻസിന് ഫെയ്ത്ത് റിട്രീറ്റ് നയിച്ചു. തൃശൂർ പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അധ്യാപകർക്കായി തൃശൂർ നിർമ്മലമാതാ സ്കൂളിൽ വച്ച് സെപ്റ്റംബർ 28 ന് ഏകദിന സെമിനാർ സംഘടി

പ്പിച്ചു. എസ് വി ഡി സഭാംഗമായ റവ. ഫാ. ജേക്കബ് മുളവരിയ്ക്കൽ സെമിനാർ നയിച്ചു. വി. കൊച്ചുത്രേസ്യയുടെ നാമധാരിയായ ബ.പ്രൊവിൻഷ്യാളമ്മ റവ. മദർ സോഫി പെരേപ്പാടന്റെ നാമഹേതുകതിരുന്നാളിന് ഒരുക്കമായി സെപ്റ്റംബർ 30 ന് തിരുമണിക്കൂർ ആരാധന നടത്തി കഴിഞ്ഞ 6 വർഷം മദറിലൂടെ പ്രോവിൻസിന് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കായി മദറിനോടൊപ്പം ദിവ്യകാരുണ്യ ഈശോയ്ക്ക് നന്ദി പറഞ്ഞു. ഒപ്പം പ്രീ ആസ്പിരൻസി കാലഘട്ടം പൂർത്തിയാക്കിയ 3 പേർ ആസ്പിരൻസി കാലഘട്ടത്തിലേക്ക് പ്രവേശിച്ചു. ആസ്പിരൻസ് ഡിറക്ട്രസ്സായി നിയമിതയായ സി. സ്റ്റെഫി കണ്ണമ്പുഴയ്ക്ക് പ്രോവിൻസിന്റെ പ്രാർത്ഥനാശംസകൾ!

**എഫ്.സി.സി.**

സെപ്റ്റംബർ 1-ാം തീയതി തിരൂർ സിയോൻ റിന്യുവൽ സെൻറിൽ വച്ച് ജനറലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന 33 days ധ്യാനത്തിൽ നമ്മുടെ 16 സിസ്റ്റേഴ്സ് സംബന്ധിച്ചു. സെപ്റ്റംബർ 8-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച്  ഹെൽത്ത് കെയർ ഫ്രറ്റേർണിറ്റി മീറ്റിംഗ് നടത്തി. കുട്ടംകുളം ആബ്ബോ കോൺവെന്റിൽ വച്ച് 7 അർത്ഥിനികൾ സെപ്റ്റംബർ 14-ാം തീയതിയും കെനിയ മിഷനിലുള്ള 3 അർത്ഥിനികൾ സെപ്റ്റംബർ 17-ാം തീയതിയും പ്രീ പോസ്റ്റുലൻസി Phase I ലേക്ക്  ഔദ്യോഗികമായി പ്രവേശിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021 ഏപ്രിൽ 1 മുതൽ  2023 മാർച്ച് 31 വരെയുള്ള ഇന്റേണൽ ഓഡിറ്റ് അസ്സീസിയിൽ വച്ച് നടത്തി. വി. ഫ്രാൻസിസിന് പഞ്ചക്ഷതം ലഭിച്ചതിന്റെ 800-ാം വാർഷികദിനമായ സെപ്റ്റംബർ 17 ന് നമ്മുടെ എല്ലാ ഭവനങ്ങളിലേയും കപ്ലോനച്ചന്മാർക്കായി നടത്തിയ കൂട്ടായ്മയിൽ വൈദികർ എത്തിചേരുകയും വന്നുചേർന്ന വൈദികർ പ്രാർത്ഥനശുശ്രൂഷയിലും സ്നേഹവിരുന്നിലും സംബന്ധിച്ചു സൗഹൃദം പങ്കിടുകയും ചെയ്തു.

സെപ്റ്റംബർ 18-ാം തീയതി ബുധനാഴ്ച പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. സെപ്റ്റംബർ 19-ാം തീയതി വ്യാഴാഴ്ച അസ്സീസിയിൽ വച്ച് എല്ലാ ഡിപ്പാർട്ട്മെന്റ് കൺസൾട്ടൻസിന്റേയും വിവിധകമ്മിറ്റി അംഗങ്ങളുടേയും മീറ്റിംഗ് നടത്തി. സെപ്റ്റംബർ 20-ാം തീയതി  ഉപവാസ പ്രാർത്ഥനാ സമ്മേളനം നെല്ലിക്കുന്ന് അൽഫോൻസഭവനിൽ വച്ച് നടത്തി. സെപ്റ്റംബർ 21-ാം തീയതി പൊന്നാനി വിജയമാതാ കോൺവെന്റിന്റെ സുവർണ്ണജൂബിലി  ആഘോഷത്തോട നുബന്ധിച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വി. ബലി അർപ്പിച്ചു. സെപ്റ്റംബർ 23-ാം തീയതി പുതുക്കി പണിത ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ്  കോൺവെന്റിന്റെ

വെഞ്ചരിപ്പുകർമ്മം അതിരൂപത മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് നിർവ്വഹിച്ചു. ഒക്ടോബർ 5-ാം തീയതി സഭാ വസ്ത്രസ്വീകരണവും പ്രഥമവ്രതവാഗ്ദാനവും നടത്തുന്ന 6 നേ ാവിസസിന് ബ. പ്രൊവിൻഷ്യളമ്മയും, കൗൺസിലേഴ്സും മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വച്ചും, തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബിഷപ്പ് ഹൗസിൽ വച്ചും ഒക്ടോബർ 24,25 തീയതികളിലായി ഇന്റർവ്യു നടത്തി. സെപ്റ്റംബർ 27,28 തീയതികളിലായി പെരിങ്ങോ ട്ടുകര സെറാഫിക് ബോർഡിംഗിലെ കുട്ടികൾക്കായി സി. അമല തെരേസിന്റെ നേതൃത്വത്തിൽ നടത്തിയ വചനാമൃതധ്യാനത്തിൽ 35 കുട്ടികൾ സംബന്ധിച്ചു. സി. വിൻസി ലിസബത്ത് സെപ്റ്റംബർ 29-ാം തീയതി മിസ്സോറാം മിഷനിൽ സേവനം ചെയ്യുന്നതിനായി പോയി.

**സി. എസ്. എസ്.**

സെപ്റ്റംബർ 8-ാം തിയ്യതി സ്നേഹോദയ പ്രോവിൻസിന്റെ പ്രോവിൻസ് ഡേ സമുചിതമായി ആഘോഷിച്ചു. റവ. ഫാദർ ലിൻ സൺ തട്ടിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. അതിനോടനുബ ന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 13 മണിക്കൂർ ആരാധനയും അതിനോട് ചേർന്ന് പരിശുദ്ധഅമ്മയെക്കുറിച്ചുള്ള ക്ലാസ്സിനും ആരാ ധനക്കും മണ്ണുത്തി ഡോൺ ബോസ്കോ കോളേജ് റെക്ടർ റവ. ഫാ. സിറിൾ എടമന എസ്.ഡി.ബി. നേതൃത്വം നൽകി. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേ കൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കരുണൈ ഇല്ലം മധുരൈ, വിയാനി പുല്ലൂർ എന്നീ ഭവനങ്ങളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ കാനോനിക സന്ദർശനം നടത്തി. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിന് സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി. എസ്. എസ്, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ സി. എസ്. എസ് എന്നിവർ പങ്കെടുത്തു.

**സി. എം. സി.**

സെപ്റ്റംബർ 5 ന് വി. എവുപ്രാസ്യമ്മയുടെ തിരുനാളിന്റെ എട്ടാ മിടാഘോഷത്തോടനുബന്ധിച്ച് ഒല്ലൂർ വി. എവുപ്രാസ്യ തീർത്ഥ കേന്ദ്രത്തിൽ നടന്ന ദിവ്യബലിയിൽ തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികത്വം വഹിച്ചു. സെപ്റ്റംബർ 7 ന് എല്ലാ സെക്രട്ടറിയേറ്റുകളുടേയും കമ്മിറ്റി കളുടേയും സംയുക്ത മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ

വെച്ച് നടത്തി. പുതുക്കിപ്പണിത ചൂണ്ടൽ ഉണ്ണിമിശിഹാ പള്ളിയുടെ വെഞ്ചിരിപ്പിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. സെപ്റ്റംബർ 14ന് തൃശൂർ സി എം സി നിർമ്മല പ്രോവിൻസിന്റെ പ്രോവിൻസ് ഡേ ആഘോഷം വിവിധ പരിപാടികളോടെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മനോഹരമായി നടത്തി. Rev. Fr. Walter CMI ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. വിദേശത്തും മിഷനിലുമുള്ള എല്ലാ ഭവനങ്ങളും ഓൺലൈൻ വഴി അതിൽ പങ്കെടുത്തു. സെപ്റ്റംബർ 15 മുതൽ 18-ാം തിയതി രാവിലെ വരെ പാലുവായ് സെന്റ് ആന്റണീസ് മഠത്തിൽ വച്ച് ജൂനിയേഴ്സ് കോഴ്സ് നടത്തി. റവ ഫാ. ലിജോ ബ്രഹ്മകുളം സി എം ഐ ആത്മീയ ഉണർവും പ്രചോദനവും നൽകുന്ന ചിന്തകൾ നൽകി അവരെ പ്രബുദ്ധരാക്കി.

Sept. 21 ന് ഹ്രസ്വചലച്ചിത്രത്തിന് സ്ക്രിപ്റ്റ്, ക്യാമറ, സംവിധാനം, എഡിറ്റിംഗ് എന്നിവയിലെല്ലാം കഴിവ് തെളിയിച്ച Sr Lismy CMC ക്ക് Vision International Film Festival of Kerala 2024 'ഫീനിക്സ് പുരസ്കാരം' നല്കി ആദരിച്ചു. 21ന് തൃശൂർ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി എൽ ഐ സി മീറ്റ്, കൗൺസിലർ സി. മരിയറ്റിന്റെ നേതൃത്വത്തിൽ നടത്തി. 26 ന് സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റൽ ഡേ സമുചിതമായി ആഘോഷിച്ചു. മെഡിക്കൽ കൗൺസിലർ സി. ഫിലോ പോൾ അധ്യക്ഷത വഹിച്ചു. സെപ്റ്റംബർ 27 ന് ശാന്തിധാം സൈക്കോളജി കൗൺസിലിംഗ് സെന്ററിൽ കോഴ്സ് ചെയ്യുന്ന വിവിധ കോൺഗ്രിഗേഷനിൽപെട്ട 17 സിസ്റ്റേഴ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. 28 ന് തൃശൂർ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽവച്ച് കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ Gems camp നടത്തപ്പെട്ടു. 155 കുട്ടികളും അവരുടെ മാതാപിതാക്കളും ഇതിൽ പങ്കെടുത്തു. 29 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് വൊക്കേഷൻ പ്രമോട്ടേഴ്സ് മീറ്റിംഗ് നടത്തി.

## ആദരാഞ്ജലികൾ



13/09/24 സി.എം.സി. ചിയ്യാരം ലേഡി വിക്ടറി ഭവനാംഗമായ സി. ഹോണസ്റ്റ ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



30/09/24 സി.എം.സി. തൃശൂർ സെന്റ് മേരിസ് മഠാംഗമായ സി. ജൊവീന നിര്യാതയായി. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



സി എസ് സി ചേലക്കര ജീവോദയ ഭവനാംഗമായ ബഹു സി. ബൊനവന്തുര സെപ്റ്റബർ 21 ന് നിര്യാതയായി. 22 ന് തൃശൂർ അതിരൂപത വികർ ജനറൽ റവ. മോൺ. ജോസ് വല്ലൂരാനച്ചന്റെ കാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ മൃതസംസ്ക്കാര ശുശ്രൂഷ നടത്തി.



സി എസ് സി ചേലക്കര ജീവോദയ ഭവനാംഗമായ ബഹു സി. എഡ്വേർഡ് 09.10.2024 ന് ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശ്ശൂർ അതിരൂപതാ വികർ ജനറൽ റവ. മോൺ. ജോസ് കോനിക്കരച്ചന്റെ കാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ സംസ്ക്കാര ശുശ്രൂഷ നടത്തി.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**1. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്തയോഗം 2024 നവംമ്പർ 23, ശനിയാഴ്ച രാവിലെ 9.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. 2023 നവംബർ മുതൽ 2024 നവംബർ വരെയുള്ള കാലയളവിൽ ഇടവകകളിൽ റിട്ടയർ ചെയ്ത ക്ലർക്ക്, എക്കൗണ്ടന്റ്സ് എന്നിവർക്ക് ആദരവ് ഈ മീറ്റിംഗിൽ നൽകുന്നു. അങ്ങനെയുള്ള വ്യക്തികളുടെ പേരും, മേൽവിലാസവും, ഫോൺ നമ്പറും ബ. വികാരിയച്ചന്മാർ ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

**2. തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യേക സഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു. സ്ഥാപനങ്ങളും, സംഘടനകളും തെരട്ട് സമർപ്പിച്ചുകൊണ്ടിരിക്കുന്നു.

**3. സമ്മാനദാനം**

2023–2024 വർഷത്തെ മിഷൻ ഞായർ, ദുഃഖവെള്ളി പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്ക്/സ്ഥാപനങ്ങൾക്ക് അഭിനന്ദനങ്ങൾ. വീടുകളുടെ അടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളുടെയും/സ്ഥാപനങ്ങളുടെയും അടിസ്ഥാനത്തിലുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ. വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം

അഭിനന്ദനങ്ങൾ. സമ്മാനാർഹരായ ഇടവകകൾക്ക് ട്രോഫികൾ 2024 നവംബർ 23 ശനിയാഴ്ച ഉച്ചക്ക് 12.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് നൽകുന്നതാണ്.

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| മിഷൻ ഞായർ 2023 | I | ഇയ്യാൽ | 124 | 59480 | 479.67 |
| | II | ബസിലിക്ക | 529 | 237820 | 449.56 |
| | III | തൃപ്രയാർ | 120 | 53700 | 447.50 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2023 | I | പാവറട്ടി | 763021 |
| | II | കുരിയച്ചിറ | 661616 |
| | III | ഒല്ലൂർ | 601406 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2023 | I | മേരിമാത മേജർ സെമിനാരി, മുളയം | 138427 |
| | II | സെന്റ് മേരീസ് മൈനർ സെമിനാരി, മഡോണനഗർ | 109036 |
| | III | സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, ചൂണ്ടൽ | 60000 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| ദുഃഖ വെള്ളി 2023 | I | ബസിലിക്ക | 529 | 57048 | 107.84 |
| | II | പാലയൂർ | 550 | 37820 | 68.76 |
| | III | ഇയ്യാൽ | 124 | 8034 | 64.79 |

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളെ,

നിങ്ങളേവരും സുഖമായിരിക്കുന്നു എന്നു വിശ്വസിക്കുന്നു. എനിക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്ക് പ്രത്യേകം നന്ദി പറയുന്നു.

മരിച്ചവർക്ക്‌വേണ്ടി പ്രാർത്ഥിക്കാനും മരിച്ചവരേയും, സകല വിശുദ്ധരെയും ഓർക്കാനുമായി തെരഞ്ഞെടുക്കപ്പെട്ട മാസമാണല്ലോ നവംബർ മാസം. ഈ ദിവസങ്ങളിൽ നിങ്ങളുടെ ജീവിതങ്ങളെ കുറിച്ച് നിങ്ങൾ ഗൗരവമായി ചിന്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ആരാണ്, എന്തിനാണ് ജീവിക്കുന്നത്, എന്താണ് ഓരോരുത്തരുടേയും ജീവിതലക്ഷ്യം എന്നീ ചോദ്യങ്ങളെ കുറിച്ച് ചെറുപ്പം മുതലേ ചിന്തിച്ചു തുടങ്ങേണ്ടതുണ്ട്. ഈ സത്യാന്വേഷണത്തിലൂടെ നമ്മുടെ ജീവിതങ്ങൾക്കു ദർശനവും (vision), ദൗത്യബോധവും (mission), പ്രതിബദ്ധതയും (commitment) കൈവരുന്നു. അങ്ങനെ, പരീക്ഷയ്ക്കുള്ള വിജയത്തിനപ്പുറം ജീവിതത്തിലും നാം വിജയം വരിക്കുന്നു.

നമ്മളൊക്കെ ശരിക്കും ആരാണ്? ഏറ്റവും അടിസ്ഥാനപരമായി പറഞ്ഞാൽ നമ്മൾ ദൈവത്തിന്റെ സൃഷ്ടികളാണ്. എന്നാൽ, വെറും സൃഷ്ടികളല്ല ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള (ഉല്പത്തി 1: 26) മനുഷ്യസൃഷ്ടികളാണ്. അതിനുമപ്പുറം മാമ്മോദീസയിലൂടെ ക്രിസ്തുവിൽ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായി ദത്തെടുക്കപ്പെട്ട ക്രിസ്ത്യാനികളാണ് നമ്മൾ. ക്രിസ്തുവിന്റെ മൗതിക ശരീരത്തിന്റെ ഭാഗമായ നാം സീറോ മലബാർ കത്തോലിക്ക സഭയിലെ അംഗങ്ങളാണ്. ആ സഭയിൽ തൃശൂർ അതിരൂപതയിലെ ഏതെങ്കിലുമൊരു ഇടവകയിലെ ഒരു കുടുംബത്തിലെ അംഗങ്ങളാണ് നമ്മളോരോരുത്തരും. ഇത്തരത്തിലുള്ള ആത്മാവബോധം, അതായത്, ഞാനാരാണെന്ന തിരിച്ചറിവ് നമുക്കോരോരുത്തർക്കും ഉണ്ടാകണം.

നമ്മൾ ജീവിക്കുന്നത് ദൈവമഹത്വത്തിനുവേണ്ടിയാണ്. ദൈവത്തോടു കൂടെയുള്ള ജീവിതത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള നമ്മൾ, ദൈവം നല്കുന്ന ആ നിയോഗവും വിളിയും തിരിച്ചറിയുമ്പോഴാണ്

ശരിയായ ജീവിതദർശനത്തിലേക്ക് (vision) വരുന്നത്. അതിന നുസരിച്ച് ജീവിതം നയിക്കുക എന്നതാണ് നമ്മുടെ ദൗത്യം (mission). അതുകൊണ്ടാണ് വിശുദ്ധ പൗലോസ് ശ്ലീഹ പറഞ്ഞത്: 'ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ' (1 കൊറി. 7: 17). ഇപ്രകാരം ജീവിക്കുകയെന്നാൽ അനുദിനം സ്വയം വിശുദ്ധീകരിക്കുക, മറ്റുള്ളവർക്ക് വിശുദ്ധിയിലേ ക്കുള്ള വഴി കാണിക്കുക എന്നതാണ്. കാരണം, വിശുദ്ധി കൂടാതെ വിശുദ്ധി തന്നെയായ ദൈവത്തോടു കൂടെയായിരിക്കാൻ ആർക്കും സാധിക്കില്ല. ഈ ജീവിതദർശനം വ്യക്തമാകുമ്പോഴാണ് നമ്മുടെ ദൗത്യത്തിനായി മുഴുവനായി കൊടുക്കാൻ തക്കവിധം പ്രതിബദ്ധത യുള്ളവരാകാൻ (commitment) നമുക്കാവുക.

അങ്ങനെ, ഈ ഭൂമിയിൽ വിശുദ്ധരായി ദൈവത്തോടുകൂടെ ജീവിച്ചു തുടങ്ങുന്നവർ മരണശേഷം, ദൈവത്തിന്റേതു മാത്രമായി ത്തീരുകയും അവിടുത്തോടു കൂടെയുള്ള നിത്യജീവിതം (സ്വർഗം) ആരംഭിക്കുകയും ചെയ്യും. അതിനായി സർവ്വശക്തനായ ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പരി. അമ്മയുടെയും സകലവിശുദ്ധരുടെയും മാധ്യസ്ഥ്യം നിങ്ങൾക്ക് ആശംസിച്ചുകൊണ്ടും നിർത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസ പരിശീലകരെ ആദരവോടും നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനായ വി. ചാൾസ് ബൊറോ മിയായുടെ തിരുനാളും വിശ്വാസപരിശീലനദിനാചരണവും നമുക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിന്മയുടെ സ്വാധീനങ്ങൾ ചുറ്റിലും പതിന്മടങ്ങ് ശക്തിപ്പെടു മ്പോൾ, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ നന്മയുടെ സാക്ഷികളായി നമുക്ക് അണിനിരക്കാം. മരണത്തിനപ്പുറമുള്ള സ്വർഗ്ഗീയമഹത്വത്തെ ലക്ഷ്യമാക്കി നമുക്ക് മുന്നേറാം.

**1.നവംബർ മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

I. ക്രിസ്ഫോം 1 നവംബർ 1-3, 22-24, 29-ഡിസം. 01

II. ക്രിസ്ഫോം 2 നവം. 15-17

**2. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

നവംബർ 4-ാം തിയതിയാണല്ലോ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ (Patron of Catechists) തിരുസഭയിൽ ആചരിക്കുന്നത്. ഈ തിരുനാൾ നവംബർ 3-ാം തിയ്യതി ഞായറാഴ്ച്ച യൂണിറ്റുകളിൽ സമുചിതമായി ആഘോഷിക്കുന്നു. മാതാപിതാക്കളിലും കുട്ടികളിലും വിശ്വാസപരിശീലനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം. അന്നേ ദിവസം സ്റ്റാഫ് മീറ്റിംഗ്, അധ്യാപകരെ ആദരിക്കൽ എന്നിവ നടത്തേണ്ടതാണ്.

**3. സോഫ്റ്റ് വെയറിൽ പൂർത്തിയാക്കേണ്ടവ.**

1. അർദ്ധവാർഷിക പരീക്ഷാതിയതി വരെയുള്ള ഹാജർ
2. അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക്
3. പുനഃപരീക്ഷക്കുള്ളവരുടെ രജിസ്ട്രേഷൻ
4. നവംബർ 11 നുള്ളിൽ ഇവ പൂർത്തിയാക്കേണ്ടതാണ്

**4. പുനഃപരീക്ഷ**

നവംബർ 17ന് ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ യൂണിറ്റുകളിൽ നടത്തുന്നു. 12, ACC ക്ലാസ്സുകളിലെ ചോദ്യപേപ്പർ നവംബർ 11 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് കൊണ്ടുപോകാവുന്നതാണ്. മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ചോദ്യപേപ്പർ യൂണിറ്റിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**5. SMCC**

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നവംബർ 9, 10 തിയതികളിൽ ക്യാമ്പ് DBCLC യിൽ വെച്ച് നടക്കുന്നു.

**6. മിശിഹായുടെ രാജത്വത്തിരുനാൾ - നവംബർ 24 ഞായർ**

യൂണിറ്റുകളിൽ പതാക ഉയർത്തി ആഘോഷമായ ദിവ്യബലിയോടു കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത്, 'യേശു രാജാധിരാജനാണ്' എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും. ഇതോടനുബന്ധിച്ച് റാലിയും മറ്റും നടത്തുന്നത് ഉചിതമാണ്.

**7. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2024**

യൂണിറ്റ് തലം - 2024 ഡിസംബർ 1, ഞായർ- 03.00 pm-04.30 pm

പാഠ്യഭാഗം: 'വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം' ഈ പുസ്തകത്തിന്റെ 9 മുതൽ 17 വരെയുള്ള അധ്യായങ്ങൾ

അതിരൂപതാതലം: 2024 ഡിസംബർ 29, ഞായർ– 02.30 pm-04.30 pm, DBCLC

അധികപാഠ്യഭാഗം : വെളിപാട് 10, 11, 12 അധ്യായങ്ങൾ

ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ:

ഡിസംബർ 29, ഞായർ–03.00 pm - 04.30 pm

**8. ലീഡേഴ്സ് മീറ്റ്**

ഡിസംബർ 1ന് 9.30 am 4 pm വരെ 11, 12, എസിസി ക്ലാസ്സുകാർക്ക്.

**9. പാരന്റ്സ് മീറ്റ്**

ഡിസംബർ 22, 9.30 am 4 pm- അതിരൂപതാതലത്തിൽ വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ ഒരു സംഗമം നടത്തുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. (വാർഷികപ്രോഗ്രാമിൽ ഡിസംബർ 15 ആണ് കൊടുത്തിരിക്കുന്നത്)

**10. വിശ്വാസപരിശീലക കോൺഫ്രൻസ്**

ഡിസംബർ 14ന് അതിരൂപതാതലത്തിൽ എല്ലാ വിശ്വാസപരിശീലകരുടേയും സംഗമം നടത്തുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**11. അവാർഡ് ഡേ**

സർവ്വീസ് അവാർഡ്, റിട്ടയർ ചെയ്ത അധ്യാപകർക്കുള്ള ആദരം, മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്, ടീച്ചേഴ്സ് എക്സലൻസ് അവർഡ്, മോഡൽ യൂണിറ്റുകൾ, ബെസ്റ്റ് മോഡൽ യൂണിറ്റ് എന്നിവ 2024 ജനുവരി 26 ന് നടത്തുന്ന അവാർഡ് ദിനത്തിൽ നൽകുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

## TRICHUR D B C L C

**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Ancient and Medieval Church History (Rev. Dr. Fr. Paul Pulikkan) ക്ലാസ്സും ഫസ്റ്റ് സെമസ്റ്ററിലെ എല്ലാ പരീക്ഷകളും കഴിഞ്ഞു. സെക്കന്റ്സെമസ്റ്ററിലെ ക്ലാസ്സുകൾ ആരംഭിച്ചു.

**2. Certificate Course in Theology (One Year)**

ഒക്ടോബർ 06ന് രണ്ടാം വത്തിക്കാൻ കൗൺസിൽ (Rev. Dr. Paul Pulikkan), ഒക്ടോബർ 20ന് വി. കുർബാന (Rev. Dr. Sebastian Chalackal), ഒക്ടോബർ 27 ന് ത്രിയേകദൈവം (Mar Tony Neelankavil) എന്നീ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Basic Bible Course (BBC)**

ഒക്ടോബർ, നവംബർ മാസം ക്ലാസ്സ് നയിച്ചവർ – Rev. Dr. Davis Panakkal CMI, Sri. Joseph Tharakan

**5. Certificate Course on Guidance and Counselling**

Cognitive Behaviour Therapy (Rev. Sr. Lis CMC ), എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Certificate Course in Sacred Liturgy**

ഒക്ടോബർ മാസത്തിൽ Theology of Liturgical Year and Theology of the Liturgy of the Hours (Rev. Dr. John Moolan), Liturgical Theology of the Holy Qurbana (Rev. Fr. Rejoy Pazhayattil) എന്നീ ക്ലാസ്സുകൾ നടന്നു.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

# എക്സൽ അക്കാദമി

## സിവിൽ സർവീസ് കോഴ്സ്

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്.

## K - TET ( Kerala Teachers Eligibility Test )

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

## P S C & Defence പരീക്ഷ കോഴ്സുകൾ

2024 സെപ്റ്റംബർ 21 മുതൽ പുതിയ ബാച്ചുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

## Excel Foundation Course

2024 ജൂലായ് 13-ാം തിയതി ശനിയാഴ്ച ആരംഭിച്ച Excel Foundation Coursesâ (8th to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

## ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം

(Coaching Centre for Minority Youth)

ജൂലായ് മാസത്തിൽ ആരംഭിച്ച കേരള സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെര

ഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9895525077

**ഫാ. ഫ്രാൻസീസ് ആളൂർ** — **മാണി കെ. പീറ്റർ**

ഡയറക്ടർ — അക്കാദമിക്ക് ഹെഡ്

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## ലോക ആത്മഹത്യാ പ്രതിരോധദിനം ആചരിച്ചു

ജൂബിലിയിലെ സൈക്യാട്രി വിഭാഗം ലോക ആത്മഹത്യാ പ്രതിരോധദിനത്തോടനുബന്ധിച്ച് 'ആത്മഹത്യയുടെ ആഖ്യാനം തിരുത്താം; സംഭാഷണങ്ങൾക്ക് തുടക്കമിടാം' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ഔദ്യോഗിക പരിപാടിയിൽ സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. അഞ്ജന സന്തോഷ് പൊതുജനങ്ങൾക്കായി ബോധവത്ക്കരണ ക്ലാസ് നടത്തി.

## ദേശീയ പോഷകാഹാരമാസം ആചരിച്ചു

ദേശീയ പോഷകാഹാരമാസത്തോടനുബന്ധിച്ച് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, നേഴ്സിങ്ങ് കോളേജ്, ആയുർവ്വേദ കോളേജ്, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് എന്നിവയിലെ സ്റ്റാഫുകളേയും വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് 'പോഷകാവേശം' എന്ന പേരിൽ പാചകമത്സരം നടത്തി. പതിനാലോളം ടീമുകൾ പങ്കെടുത്തു. മെഡിക്കൽ റെക്കോർഡ് വിഭാഗത്തിലെ സ്റ്റാഫുമാരായ ഗിഫ്റ്റി ജെയിംസ്, ലിന്റ എന്നിവർ ഒന്നാം സ്ഥാനവും, എം.ബി.ബി.എസ്. മൂന്നാം വർഷ വിദ്യാർത്ഥികളായ റിന്റു ബിജു, മുനീഷ പി.റ്റി. എന്നിവർ രണ്ടാം സ്ഥാനവും ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിലെ അഞ്ജലി, ഷിജി എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ രാമവർമപുരം ജൂബിലി ആയുർവേദ

മിഷൻ ആശുപത്രിയിൽ വെച്ച് വെരിക്കോസ് വെയിൻ, അസ്ഥി-സന്ധി-നാഡി രോഗങ്ങൾ, ത്വക് രോഗങ്ങൾ, സ്ത്രീ രോഗങ്ങൾ, ബാല രോഗങ്ങൾ, ശിരോരോഗങ്ങൾ എന്നിവയ്ക്കായി സൗജന്യ ആയുർ വേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്ന് വിതരണവും നടത്തി.

**വയോജനദിനം ആചരിച്ചു**

വയോജന ദിനത്തോടനുബന്ധിച്ച് ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ വെച്ച് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്ററൽ കെയർ ഇൻ ചാർജ് ഫാ. ഡിറ്റോ കൂള അധ്യക്ഷത വഹിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് ആശം സകൾ അറിയിച്ചു. തുടർന്ന് സൗജന്യപരിശോധനയും മരുന്ന് വിതര ണവും നടത്തി.

**ലോക ഹൃദയദിനം: ബോധവത്കരണ വാക്കത്തോൺ നടത്തി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലോക ഹൃദയ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പ്രമുഖ സംഗീത സംവിധായകൻ ഔസേപ്പച്ചൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കാർഡി യോളജി വിഭാഗം മേധാവി ഡോ. ടി. ഗോവിന്ദനുണ്ണി മുഖ്യപ്രഭാ ഷണം നടത്തി. കാർഡിയോളജി വിഭാഗത്തിൽ സ്തുത്യർഹസേവനം കാഴ്ച്ചവെച്ച ഡോക്ടർമാരെ ആദരിച്ചു. ഹൃദയാരോഗ്യ ബോധവ ത്കരണത്തിന്റെ ഭാഗമായി കാൽനട റാലി നടത്തി. തൃശ്ശൂർ സൈ ക്കിൾ ക്ലബ്ബും, ജൂബിലി മിഷൻ ആശുപത്രി ജീവനക്കാരും സംയു ക്തമായി 15 കിലോമീറ്റർ ദൈർഘ്യമുള്ള സൈക്കിൾ റാലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫും മലയാള മനോരമ ജനറൽ മാനേജർ ജേക്കബ്ബ് കോശിയും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. വിമല കോ ളേജ് വിദ്യാർത്ഥിനികൾക്കായി കംപ്രഷൻ ഓൺലി ലൈഫ് സപ്പോർട്ട് (COLS) ട്രെയ്നിങ്ങും രക്തസമ്മർദ്ദ പരിശോധന ക്യാമ്പും നടത്തി.

**വയോജന ദിനത്തിൽ വയോജനങ്ങളെ ആദരിച്ചു**

വയോജനദിനത്തിൽ ജൂബിലി മിഷൻ ജെറിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആയിരത്തോളം വയോജനങ്ങളെ ആദരിച്ചു. 'ടിഡോപ്' എന്ന് പേരിട്ടിട്ടുള്ള പരിപാടിയിൽ വയോജനരോഗനിർ ണ്ണയ ക്യാമ്പും, ഓർമ്മക്കുറവ്, പോഷകം, ഫിസിയോതെറാപ്പി, ഇൻ സുലിൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദരുടെ ക്ലാസ്സുകളും

ഉണ്ടായിരുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് യാത്രാസൗകര്യവും ഭക്ഷണവും ക്രമീകരിച്ചിരുന്നു. വിവിധ കലാപരിപാടികൾ ചടങ്ങിനെ വർണ്ണാഭമാക്കി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി. വയോജനരോഗ പരിചരണ വിഭാഗത്തിൽ കൺസൾട്ടേഷന് 50% കിഴിവ് ലഭിക്കുന്ന ജെറിയാട്രിക് പ്രിവിലേജ് കാർഡ് കൈമാറി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ ആർച്ച്ബിഷപ്പ് മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ജില്ലാ കലക്റ്റർ ശ്രീ അർജുൻ പാൻഡ്യൻ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി സ്വാഗതം ആശംസിച്ചു. ജൂബിലിയിലെ പുനർസംഘടിപ്പിച്ച ജെറിയാട്രിക് മെഡിസിൻ വിഭാഗത്തിന്റെ ഉദ്ഘാടനം മണപ്പുറം ഗ്രൂപ്പിന്റെ എം.ഡി. ശ്രീ. വി. പി. നന്ദകുമാറും, ജെറിയാട്രിക്ക് മെഡിസിൻ വിഭാഗത്തിന്റെ ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഉദ്ഘാടനം ഇസാഫ് സി.ഇ.ഒ. ശ്രീ. കെ പോൾ തോമസും നിർവഹിച്ചു. 96-ാം വയസിലും കോട്രാക്റ്റ് പണി ചെയ്യുന്ന തൃശ്ശൂരിന്റെ കത്രീനമ്മച്ചിയെയും, മാരത്തോൺ റണ്ണറായ 90 വയസ്സുള്ള പ്രൊഫ. സി. പി. മാത്യുവിനേയും ചടങ്ങിൽ ആദരിച്ചു.

### ലോക മാനസികാരോഗ്യദിനം ആചരിച്ചു

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലോക മാനസികാരോഗ്യദിനം ആചരിച്ചു. സൈക്കോളജി വിഭാഗം മേധാവി ഡോ. മോൻസി എഡ്വേർഡ് സ്വാഗതം ആശംസിച്ചു. സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ആശുപത്രിയുടെ സൈക്യാട്രി വിഭാഗത്തിന്റെ മുൻ മേധാവി പ്രൊഫസർ എമിരിറ്റസ് ഡോ. ജെയിംസ് ടി. ആന്റണി മുഖ്യ പ്രഭാഷണം നടത്തി. ഡോ. മോൻസി എഡ്വേർഡിന്റേയും ഡോ. മരിയ സെബാസ്റ്റ്യന്റേയും നേതൃത്വത്തിൽ ബോധവത്കരണ ക്ലാസുകൾ നടന്നു. ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് വിദ്യാർത്ഥികൾ ഡോക്യുമെന്ററി അവതരിപ്പിച്ചു. സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മാനസികാരോഗ്യം വിഷയമാക്കിയുള്ള പ്രദർശനവും ഉണ്ടായിരുന്നു.

### ഡയാലിസിസിന് സംഭാവന നൽകിയവർ

- ലൂർദ്ദ് നാഥ കുടുംബ യൂണിറ്റ്, ലൂർദ്ദുപുരം, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോർജ്ജ്കുട്ടി പി. എ, തൃശ്ശൂർ
- പി. പി. ജോയ്, ഹാപ്പി ഹോം, പി. ഒ. പറപ്പൂർ, തൃശ്ശൂർ
- സിനിമോൾ ആന്റണി, പഴുന്നാ, തൃശ്ശൂർ

- വെനസ്ഡേ ക്ലബ്, എറണാകുളം
- അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അനിഗ ഫിബി

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**1. SIEMENS TRAINING PROGRAMME**

ജർമ്മനിയിലെ മേഡെബാക്കിലുള്ള പോൾ കോസ്റ്റർ കമ്പനിയിൽ പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള Siemens Training Programme (PLC AND DRIVES) ജൂലൈ 23 മുതൽ ഓഗസ്റ്റ് 10 വരെ നടത്തപ്പെടുകയുണ്ടായി.

**2. GERMAN LANGUAGE TRAINING**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒരു പുതിയ അക്കാദമിക് സംരംഭത്തിന് തുടക്കമിട്ടുകൊണ്ട് ERBE യുടെ സഹകരണത്തോടെ 2024 ഓഗസ്റ്റ് 14 മുതൽ ജർമ്മൻ ഭാഷാ ക്ലാസ്സുകൾ നടത്തുന്നതിന് വേണ്ടിയുള്ള ധാരണാപത്രം ഒപ്പുവെക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

**3. Workshop on Introduction to Automobile Technology & PLC**

മെക്കാനിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 14 ന് Automobile Technology & PLC എന്ന വിഷയത്തിൽ ഏകദിന വർക്ക്ഷോപ്പ് നടത്തുകയുണ്ടായി.

**4. Workshop - An overview of Building Energy Audits**

മെക്കാനിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 17 ന് An overview of Building Energby Audits എന്ന വിഷയത്തിൽ ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**5. MOU Signing - Tholpavakoothu Kala Kendram and JEC**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവയുടെ സഹായത്തോടെ പരമ്പരാഗത കലയായ തോൽപ്പാവക്കൂത്തിനെ

പുതിയ രീതിയിൽ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും ആവിഷ്ക്കരിച്ചു. തോൽപ്പാവക്കൂത്തിന്റെ തനിമ നിലനിർത്തി കൊണ്ടുതന്നെയാണ് ഓട്ടോമേറ്റഡ് രീതി രൂപകൽപ്പന ചെയ്തത്.

**6. Two week Internship at Govt. Polytechnic college Kalamassery**

കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക്കിന്റെ Bosch Rexroth Centre of Competence in Automation and Technologyയുടെ കീഴിൽ രണ്ടാഴ്ചത്തെ ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ ഇന്റേൺഷിപ്പ് അവസാന വർഷ മെക്കാട്രോണിക്സ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി നടത്തപ്പെടുകയുണ്ടായി.

**7. Civil Engineering Association Inauguration**

സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സിവിൽ എഞ്ചിനീയറിംഗ് അസോസ്സിയേഷന്റെ ഉദ്ഘാടനം ഓഗസ്റ്റ് 23 ന് നടത്തുകയുണ്ടായി. ജ്യോതി എക്സിക്യൂട്ടീവ് മാനേജർ ഫാ. തോമസ് കാക്കശ്ശേരി ആയിരുന്നു മുഖ്യാതിഥി.

**8. Pre - Placement Training**

പ്ലേസ്മെന്റ് സെല്ലിന്റെ കീഴിൽ Digital Core Technologies ലേക്കുള്ള പ്ലേസ്മെന്റ് ഡ്രൈവിന്റെ ഭാഗമായി Basics of Electronics and Embedded System Design എന്ന വിഷയത്തെ ആസ്പദമാക്കി പ്രീ പ്ലേസ്മെന്റ് ട്രെയിനിങ്ങ് നടന്നു.

**9. 23rd Induction Ceremony**

2024 സെപ്തംബർ 2-ാം തിയ്യതി ആഠലരവ 2024-2028 batch, MTech 2024-2026 batch എന്നീ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ സെറിമണി നടത്തി. 10.30 ന് ആരംഭിച്ച പരിപാടിയിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ആയിരുന്നു മുഖ്യാതിഥി.

**10. Teachers Day**

സെപ്തംബർ 5 ന് മെക്കാട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അദ്ധ്യാപക ദിനം ആഘോഷിച്ചു.

**11. Computer Engineering Students Association Inauguration**

കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ ഉദ്ഘാടനം സെപ്തംബർ 4 ന് നടത്തുകയുണ്ടായി.

**12. Engineers Day**

ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഇന്ത്യയുടെയും നേതൃത്വത്തിൽ എഞ്ചിനീയേഴ്സ് ദിനം സെപ്റ്റംബർ 7 ന് ആചരിച്ചു. രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ പ്രൊഫസർ ഡോ. പി. സോജൻ ലാൽ പരിപാടി ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

**13. ഓണാഘോഷം**

സെപ്തംബർ 12, 13 തിയ്യതികളിലായി കോളേജിലെ ഓണാഘോഷങ്ങൾ നടത്തപ്പെട്ടു. 12 ന് ഓണാഘോഷങ്ങളുടെ ഉദ്ഘാടനവും തുടർന്ന് വടംവലി, ഉറിയടി മത്സരങ്ങളും നടത്തപ്പെട്ടു. 13ന് പൂക്കള മത്സരവും 300 ഓളം വിദ്യാർത്ഥിനികൾ പങ്കെടുത്ത മെഗാ തിരുവാതിരയും വാദ്യാഘോഷങ്ങളോടെയുള്ള മറ്റു ഓണപരിപാടികളും നടത്തുകയുണ്ടായി.

**14. രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.**

KTU NSS സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന മുഖ്യധാരാ പദ്ധതിയായ രുധിരസേനയ്ക്ക് കീഴിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് NSS Unit 140, IMA തൃശ്ശൂരിന്റെയും. റെഡ് റിബ്ബൺ ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ, HDFC ബാങ്കിന്റെ സാമ്പത്തിക പിന്തുണയോടെ സഞ്ജീവനം 4.0 - രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. സെപ്തംബർ 12 ന് EEE സെമിനാർ ഹാളിൽ രാവിലെ 9.30 ന് ആരംഭിച്ച ക്യാമ്പ് 2 മണിക്ക് സമാപിച്ചു. 53 യൂണിറ്റ് രക്തദാനം ചെയ്തുകൊണ്ട് ക്യാമ്പ് വിജയകരമായി പൂർത്തിയാക്കി.

**15. Electronics and Communication Students Association Inauguration**

ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ സ്റ്റുഡന്റ്സ് അസോസിയേഷന്റെ ഉദ്ഘാടനം സെപ്റ്റംബർ 27 ന് നടത്തുകയുണ്ടായി.

**16. Tharang 2024**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോ കൾച്ചറൽ ഇവന്റ് തരംഗ് ഒക്ടോബർ 2, 3 തിയ്യതികളിൽ നടത്തി. കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകളുടെ മത്സരം (സൃഷ്ടി), അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വെർച്വൽ റിയാലിറ്റി ഷോ, കോമഡി ഷോകൾ, കോളേജ് വിദ്യാർത്ഥികളുടെ ഡാൻസ് മത്സരം, മ്യൂസിക് ബാൻഡ്, യുറേക്ക ഐഡിയ പിച്ചിംഗ് മത്സരം, ഡാൻസിംഗ് റോബോട്ട് പ്രദർശനം, ഇന്റർ കോളേജ് ഡാൻസ് കോമ്പറ്റീഷൻ (നൃത്യ) തുടങ്ങി നിരവധി പരിപാടികൾ

തരംഗിന്റെ ഭാഗമായി നടത്തപ്പെടുകയുണ്ടായി.

**17. നാസ സ്പെയ്സ് ആപ്പ് ഹാക്കത്തോൺ**

അമേരിക്കൻ സ്പെയ്സ് ഏജൻസിയായ നാസ, ഐ.എസ്.ആർ.ഒ അടക്കം 18 അന്താരാഷ്ട്ര ബഹിരാകാശ ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്ന നാസ സ്പെയ്സ് ആപ്സ് ചലഞ്ച് ഹാക്കത്തോൺ ജ്യോതി എഞ്ചനീയറിംഗ് കോളേജിൽ ശനിയാഴ്ച ആരംഭിച്ചു. ലോകത്ത് ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത ഓഫ് ലൈൻ ഹാക്കത്തോൺ സെന്ററിനുള്ള റെക്കോർഡ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിനാണ്. ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന യൂണീക് വേൾഡ് റോബോട്ടിക്സും, ജ്യോതി എഞ്ചിനീയറിംഗ് കോളേജും ചേർന്നാണ് ഹാക്കത്തോൺ ഏറ്റെടുത്തു നടത്തുന്നത്. 4205 ഓളം പേർ ഹാക്കത്തോണിൽ പങ്കെടുത്തു. ശനിയാഴ്ച 8.30 ന് തുടങ്ങിയ ഹാക്കത്തോൺ ഞായറാഴ്ച 4.30 ന് അവസാനിച്ചു.

**18. Four Day ഇലക്ട്രിക്കൽ വെഹിക്കിൾ വർക്ക്ഷോപ്പ്**

ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗവും ഇന്ത്യയിലെ പ്ലേസ്മെന്റ് ട്രെയിനിങ്ങ് മേഖലയിലെ വമ്പനായ Capabl ടീമും സംയുക്തമായി കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി നാലുദിവസ ഇലക്ട്രിക്കൽ വെഹിക്കൾ നിർമ്മാണ വർക്ക്ഷോപ്പ് നടത്തുകയും, മൂന്ന് ഇലക്ട്രിക് വാഹനങ്ങൾ നിർമ്മിക്കുകയും ചെയ്തു. മുൻ MLA വി. ടി. ബൽറാം വാഹനങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു.

| | |
|---|---|
| **ഫാ. തോമസ് കാക്കശ്ശേരി** | **ഫാ. സിജോ ചെറുവത്തൂർ** |
| എക്സിക്യൂട്ടീവ് മാനേജർ | PRO |

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ഫുഡ് ഫെസ്റ്റ് നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ പോഷൻ മാഹ് എന്ന പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 30-ാം തിയ്യതി തിങ്കളാഴ്ച ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ

ചിറമ്മൽ ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**വയോജനദിന പ്രതിജ്ഞ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ വയോജനദിനത്തോട് അനുബന്ധിച്ചു ഒക്ടോബർ 1-ാം തിയ്യതി ചൊവ്വാഴ്ച വയോജനദിന പ്രതിജ്ഞ നടത്തി.

**പരിസരം വൃത്തിയാക്കി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തിയോട് അനുബന്ധിച്ചു സ്വാച്ഛത ഹി സേവാ പദ്ധതിയോട് ചേർന്ന് ഒക്ടോബർ 1-ാം തിയ്യതി ചൊവ്വാഴ്ച മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ നാലാം വാർഡിലെ നസ്രത്ത് റോഡ് വൃത്തിയാക്കി.

**കോൺവൊക്കേഷൻ പ്രോഗ്രാം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഒക്ടോബർ 10-ാം തിയ്യതി വ്യാഴാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് 2022-2024 ബാച്ചിന്റെ കോൺവൊക്കേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. തൃശ്ശൂർ സെന്റ് മേരീസ് പ്രിൻസിപ്പൽ ഡോ.സി.നമിത റോസ് മുഖ്യ പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അക്കാദമിക് റിപ്പോർട്ട് അവതരിപ്പിച്ചു.

**ഇന്റേണൽ എക്സാം നടത്തി.**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാംവർഷ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 15 മുതൽ 19 വരെ ഇന്റേണൽ എക്സാം നടത്തി.

**മന്തിലി ഫീഡ്ബാക്ക് നടത്തി**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാംവർഷ വിദ്യാർത്ഥികൾക്കായി ഒക്ടോബർ മാസത്തെ കോളേജ് പ്രവർത്തനങ്ങളുടെ മന്തിലി ഫീഡ്ബാക്ക് ഒക്ടോബർ 30-ാം തിയ്യതി സംഘടിപ്പിച്ചു. നാച്ചുറൽ സയൻസ് വിദ്യാർത്ഥികൾ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധങ്ങളായ കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി.

**ഇന്റേൺഷിപ്പ് സ്കൂൾ വിസിറ്റ് നടത്തി**

മഹാജൂബിലി കലാലയത്തിൽനിന്നും വിവിധങ്ങളായ സ്കൂളുകളിൽ അധ്യാപന പരിശീലനം നടത്തുന്ന രണ്ടാം വർഷ വിദ്യാർത്ഥികളെ സന്ദർശിച്ചു.

**സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 22-ാം തിയ്യതി ചൊവ്വാഴ്ച സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിച്ചു. ഓവർസീസ് ഇംഗ്ലീഷ് അക്കാദമി ഡയറക്ടർ മിസ്റ്റർ രാജേഷ് മോഹൻ ക്ലാസ് നയിച്ചു. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യവും പ്രസക്തിയും വിശദീകരിക്കുകയും ഇംഗ്ലീഷ് സംസാരിക്കാൻ സഹായകരമാവുകയും ചെയ്ത ക്ലാസ് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ആശംസകൾ നേർന്ന് സംസാരിച്ചു.

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ. ഷിജു ചിറ്റിലപ്പിള്ളി** |
| കോളേജ് പ്രിൻസിപ്പൽ | അസി.മാനേജർ |

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സെന്റ് തോമസ് കോളേജ് ജേതാക്കൾ**

ബി. സ്. എൻ. എൽ രാജതജുബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ജില്ലാ കോളേജ്തല ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന് കിരീടം. കോളേജിലെ ബിസ്റ്റോ മികച്ച കളിക്കാരനായും തിരഞ്ഞെടുക്കപ്പെട്ടു.

**2. ഡോക്യൂമെന്ററി - ഷോർട്ട് ഫിലിം ഫെസ്റ്റിവൽ**

മീഡിയ വിഭാഗവും നാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് തൃശ്ശൂരും സംയുക്ത മായി സംഘടിപ്പിച്ച ദ്വിദിന ദേശീയതല ഡോക്യൂമെന്ററി ഫിലിം ഫെസ്റ്റിവൽ സമാപിച്ചു. സിനിമാ നിരൂപകൻ ഐ. ഷണ്മുഖദാസ് മുഖ്യാഥിതിയായി. പ്രിൻസിപ്പൽ ഫാ. ഡോ. മാർട്ടിൻ അദ്ധ്യക്ഷനായി.

**3. ഫിനിഷിംഗ് സ്കൂൾ 2024 ഉദ്ഘാടനം**

ഫിനിഷിംഗ് സ്കൂൾ 2024- ക്യാപ്റ്റൻ ജിബി കെ. ആന്റണി, ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. മാർട്ടിൻ ചടങ്ങിൽ അദ്ധ്യക്ഷനായി. തരണനെല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളജ് പ്രിൻസിപ്പൽ ഡോ. പോൾ ജോസ് പി. മുഖ്യപ്രഭാഷണം നടത്തി.

**4. 'എംപ്രെസ ഫെസ്റ്റ്'**

ബി.ബി.എ ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് ഫെസ്റ്റ് 'എംപ്രെസ' വിജയകരമായി ആതിഥേയത്വം വഹിച്ചു. കേരളത്തിലെ 37 കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് മത്സര മാനേജ്മെന്റ്, നോൺ-മാനേജ്മെന്റ് ഗെയിമുകളിൽ ഏർപ്പെടാനുള്ള ഒരു വേദിയായി ഈ ഇവന്റ് പ്രവർത്തിച്ചു. പ്രശസ്ത കോർപ്പറേറ്റ് പരിശീലകൻ പ്രവീൺ ചിറയത്ത് മുഖ്യാഥിതിയായി.

**5. എൻ.എസ്.എസ്**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ നൂറ്റി അൻപത്തിയഞ്ചാമത് ജന്മദിനത്തോടനുബന്ധിച്ച് നാട്ടിക നിയോജകമണ്ഡലത്തിലെ സ്നേഹതീരം ബീച്ച് മാലിന്യ മുക്തമാക്കി. സെന്റ് തോമസ് കോളേജിലെ എൻ.എസ്.എസ് വളന്റിയർസ്, മറ്റു നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വളന്റിയർമാരും പങ്കെടുത്ത ചടങ്ങ് ബഹുമാനപ്പെട്ട നാട്ടിക എം.എൽ.എ. ശ്രീ സി.സി മുകുന്ദൻ ഉത്ഘാടനം ചെയ്തു.

**6. വിരമിച്ചു**

നീണ്ട 31 വർഷത്തെ നിസ്തുലമായ സേവനത്തിനുശേഷം വിരമിക്കുന്ന മി. സുനിൽ എ.കെക്ക് യാത്രയയപ്പ് നൽകി. ഹൃദ്യമായ നന്ദിയും ഭാസുരമായ ഭാവിക്ക് ഭാവുകങ്ങളും നേർന്നു.

**7. നോവസ് 2024 ടെക് ഫെസ്റ്റ് സംഘടിപ്പിച്ചു**

ഡാറ്റാ സയൻസ് വിഭാഗം നോവസ് 2024 ടെക് ഫെസ്റ്റ് രണ്ട് ദിവസം നീണ്ടു നിന്ന പരിപാടി കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. മാർട്ടിൻ ഉത്ഘാടനവും ശ്രീ. റെജിൻ വർഗീസ് സ്വാഗത സന്ദേശവും നൽകി.

**8. ടൂറോഫെസ്റ്റ് 2024**

കോമേഴ്സ് ഗവേഷണ വിഭാഗം സംഘടിപ്പിച്ച ടൂറോഫെസ്റ്റ് 24ന്റെ ഉദ്ഘാടനം ഫാ. ഡോ. മാർട്ടിൻ കെ.എ. നിർവഹിച്ചു. തൃശൂർ കൊടകരയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, സഹൃദയ ഡയറക്ടർ ഡോ. ധന്യ അലക്സ് ടൂറിസവും സമാധാനവും എന്ന വിഷയത്തെ സംബന്ധിച്ച സെമിനാറിന് നേതൃത്വം നൽകി. ഫെസ്റ്റിന്റെ ഭാഗമായി തുമ്പൂർമുഴിയിലെ ടൂറിസം വിപുലീകരണ പരിപാടിയും സംഘടിപ്പിച്ചു.

**9. നാഷണൽ കിക്ക്ബോക്സിങ്ങിൽ സ്വർണ മെഡൽ**

ബി. വോക് ഡാറ്റാ സയൻസ് രണ്ടാം വർഷ വിദ്യാർത്ഥി ഇമ്മാനുവൽ ജോഷി ഡെറാഡൂണിൽ വച്ച് നടന്ന നാഷണൽ കിക്ക്ബോക്സിങ്ങിൽ സ്വർണ മെഡൽ കരസ്ഥമാക്കി. ഇമ്മാനുവൽ ജോഷിക്ക് കോളേജ് അഭിനന്ദനങ്ങൾ നേർന്നു.

**10. ഇരട്ട മെഡൽ നേട്ടവുമായി അഭിറാം**

ബികോം ബാങ്കിങ് ഒന്നാം വർഷ വിദ്യാർത്ഥി അഭിറാം ചെന്നൈയിലെ സൗത്ത് ഏഷ്യൻ ജൂനിയർ അതിലറ്റിക് ചാമ്പ്യൻഷിപ്പിൽ (4*400 മീറ്ററിൽ വെള്ളി മെഡലും 400 മീറ്ററിൽ വെങ്കല മെഡലുമായി ഇരട്ട മെഡലിന് അർഹനായി.

**11. ജി.സ്.ടി പ്രായോഗിക പരിശീലന ക്ലാസ്സ്**

കൊമേഴ്സ് വിഭാഗം കവിപ്രതിഭ ഹാളിൽ ജിഎസ്ടിയുടെ പ്രായോഗിക പ്രയോഗത്തെക്കുറിച്ചുള്ള ഒരു സെഷൻ നടത്തി. സെൽസ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ശ്രീമതി. ശ്രീദേവി കെ. ക്ലാസ്സ് സംഘടിപ്പിച്ചു.

**12. ആർട്ട് എൻ റെസിൻ**

ബോട്ടണി റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്പാർട്ട്മെന്റ്, ഐ.ഐ.സി, ഐ.ഇ.ഡി.സി എന്നിവയുടെ സഹകരണത്തോടെ 'ആർട്ട് 'എൻ' റെസിൻ' എന്ന പേരിൽ ഒരു ശിൽപശാല സംഘടിപ്പിച്ചു. പരിപാടിയുടെ റിസോഴ്സ് പേഴ്സൺ എം ഡെക്കറിലെ പ്രശസ്ത സംരംഭകയായ മഞ്ജു ലിന്റോ ആയിരുന്നു.

**13. ഇൻക്വിസ്സ്റ്റോ 24**

ഡിപ്പാർട്ട്മെന്റ് ഓഫ് ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് ഇന്റർ കൊളീജിയറ്റ് ഫെസ്റ്റ് ഇൻക്വിസ്സ്റ്റോ 24' നടത്തി. റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. സെൽഫ് ഡിഫൻസ് ക്ലാസ്, ജുവനൈൽ ജസ്റ്റിസ് ആക്ടിനെക്കുറിച്ചുള്ള സെഷൻ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ഡിബേറ്റ്, പോസ്റ്റർ അവതരണം തുടങ്ങിയ വിവിധ മത്സരങ്ങൾ ഉൾപ്പെടുന്ന തായിരുന്നു ഫെസ്റ്റ്. ക്രിമിനൽ പ്രൊഫൈലിംഗ്, പിരീഡ് സ്റ്റിമുലേറ്റർ, ക്രൈം സീൻ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളും പ്രവർത്തനക്ഷമമായിരുന്നു.

**14. സ്വച്ഛത ഹി സേവ**

എൻ. സി. സി യൂണിറ്റ് സ്വച്ഛത ഹി സേവ എന്ന പരിപാടിയിൽ പങ്കുചേർന്നു. ജി.എച്ച്.ഐ പ്രമോദിന്റെ നേതൃത്വത്തിൽ ഒല്ലൂക്കര സോണൽ ഓഫീസിനു സമീപത്തുള്ള പ്രദേശങ്ങൾ വൃത്തിയാക്കി ക്കൊണ്ടാണ് ഗാന്ധി ജയന്തിയോടനു ബന്ധിച്ചുള്ള സേവനവാര ത്തിൽ സെന്റ്. തോമസ് കോളേജ് എൻ.സി.സി യൂണിറ്റ് കേഡറ്റുകൾ പങ്കാളികളായത്.

**15. ഹിന്ദി ദിനാചരണം**

ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് ഹിന്ദി മുദ്രാവാക്യ രചനാ മത്സരത്തിൽ വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു. ഹിന്ദി ഭാഷയെയും സംസ്കാരത്തെയും കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ

അവബോധം സൃഷ്ടിക്കുന്നതിനായി ചലച്ചിത്ര പ്രദർശനം നടത്തി.

**16. ഇഗ്നീറ്റ്**

പ്ലേസ്മെന്റ് സെൽ അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി ഇഗ്നീറ്റ് എന്ന പേരിൽ 21 മണിക്കൂർ നീണ്ടുനിൽക്കുന്ന നോൺ-സ്റ്റോപ്പ് പരിശീലന പരിപാടി നടത്തി.

**17. ഏകദിന ക്ലാസ്**

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഫ്യൂസ് ഇന്ത്യ കണക്റ്റ് ആഗോള ഓർഗനൈസേഷനുമായി ചേർന്ന് കൊണ്ട് പി.ജി, ഗവേഷക വിദ്യാർത്ഥികൾക്ക് വേണ്ടി ക്ലിനിക്കൽ റിസേർച്ചിലുള്ള ജോലി സാധ്യതകളെ പറ്റി ഏകദിന ക്ലാസ് നടത്തി. ഐ.ക്യൂ.വി.എ അസ്സോസിയേറ്റ് ഡയറക്ടർ പ്രശാന്ത് വി.പി, സ്റ്റാറ്റിസ്റ്റിക്കൽ പ്രോഗ്രാമിങ് സയന്റിസ്റ്റ് ഡോ. മിഥു എൻ.എൻ, അസ്സോസിയേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ പ്രോഗ്രാമർ അഖില വർഗീസ് എന്നിവർ ചേർന്ന് വിദ്യാർത്ഥികൾക്കായി ക്ലാസ് നടത്തി. പ്രിൻസിപ്പൽ ഡോ. മാർട്ടിൻ കെ.എ ഏകദിന ക്ലാസ് ഉത്ഘാടനം ചെയ്തു.

**18. സൈബർ സുരക്ഷ ശില്പശാല**

കമ്പ്യൂട്ടർ സയൻസ് വിഭാഗം സൈബർ സുരക്ഷാ ശിൽപശാല സംഘടിപ്പിച്ചു. അസിസ്റ്റന്റ് പ്രൊഫസർ സ്വപ്ന എം.പി സൈബർ സെക്യൂരിറ്റി സിസ്റ്റംസ് ആൻഡ് നെറ്റ്‌വർക്കുകൾ, അമൃത വിശ്വവിദ്യാപീഠം കൊല്ലം, ശിൽപശാലയ്ക്ക് നേതൃത്വം നൽകി. അമൃത വിശ്വവിദ്യാപീഠത്തിലെ സുരക്ഷാ ഗവേഷകൻ ശ്രീ. മനോജ് പ്രഭാകർ കെ. സൈബർ സുരക്ഷാ ആശയങ്ങൾ പരിചയപ്പെടുത്തി.

**19. ക്യാപ്ചുറ 2024**

സുവോളജി വിഭാഗം വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി 'ഡിജിറ്റൽ ഡോക്യുമെന്റേഷൻ ഓഫ് അനിമൽ ഡൈവേഴ്സിറ്റി - ക്യാപ്ചുറ-2024' ഇന്റർകോളേജിയറ്റ് വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫി മത്സരം നടത്തി.

**20. കാമ്പസിൽ നിന്ന് കോർപ്പറേറ്റിലേക്ക്'**

ഫിനിഷിംഗ് സ്കൂൾ വിദ്യാർത്ഥികൾക്കായി, യെസ് ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. ഡെൽജോ ഡേവിഡ്, 'കാമ്പസിൽ നിന്ന് കോർപ്പറേറ്റിലേക്ക്' എന്ന വിഷയത്തിൽ സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. മാർട്ടിൻ കെ.എ ചടങ്ങിൽ അദ്ധ്യക്ഷനായി.

**21. 'തരുൺ സഭ' സംഘടിപ്പിച്ചു**

പാർലമെന്റ് സംവിധാനങ്ങളും പ്രവർത്തനങ്ങളും ഭരണഘട

നാമൂല്യങ്ങൾ എന്നിവ വിദ്യാർഥികൾ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, സെന്റ്തോമസ് കോളേജ് നാഷണൽ യൂത്ത് പാർലമെന്റ് സ്ക്കീമിന്റെ കീഴിൽ തരുൺ സഭ സംഘടിപ്പിച്ചു. സർവോദയ ചെയർമാനും 2014 ലെ മികച്ച അദ്ധ്യാപകനുള്ള പുരസ്ക്കാരം നേടിയ ശ്രീ. എം. പീതാംബരൻ മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ റവ. ഫാ. മാർട്ടിൻ. കെ. എ. അദ്ധ്യക്ഷത വഹിച്ചു. തരുൺ സഭയിൽ വിദ്യാഭ്യാസം, പരിസ്ഥിതി, കൃഷി, ശിശുക്ഷേമം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

**22. ദേശീയ സെമിനാർ**

റീഡേഴ്സ് ആൻഡ് റൈറ്റേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ദേശീയ സെമിനാർ ഡോ. അനാമിക ചക്രബർത്തി ഉത്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഫാ. മാർട്ടിൻ. കെ. എ. അദ്ധ്യക്ഷത വഹിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**നവംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നവംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8-13,14,15-20,21,22. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം

ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. കൂടുതൽ വിവങ്ങൾക്ക് 9497179780, 9605043327ൽ ബന്ധപ്പെടുക.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ് (നമ്പർ 0487 2336066).

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്റ്റോലേറ്റ് ഒരു അവസരം ഒരുക്കുന്നു. ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും വികാരിയച്ചന്മാർ വഴി നവംബർ 10 ന് മുൻപായി ഫാമിലി അപ്പൊസ്റ്റോലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 7736106824 അയക്കുകയോ ചെയ്യുമല്ലോ.

**വിവാഹത്തിന്റെ അഞ്ചാം വാർഷികം**

2019 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 5 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ഏറെ സ്നേഹത്തോടെ തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 1-ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹരജത ജൂബിലി**

1999 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 7-ാം തിയ്യതി രാവിലെ 9 മണിക്ക് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും തുടർന്ന് 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും

മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹത്തിന്റെ സുവർണ്ണ (50) & ഷഷ്ടിപൂർത്തി (60) ജൂബിലികൾ**

1974 ലും 1964 ലും വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 50, 60 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണ, ഷഷ്ടിപൂർത്തി ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതികളെ ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 14-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹത്തിന്റെ പത്താം വാർഷികം**

2014 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ 10 വർഷങ്ങൾ പൂർത്തിയാക്കി വിവാഹത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ഏറെ സ്നേഹത്തോടെ തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 15-ാം തിയ്യതി ഉച്ചക്ക് 1.30 ന് അനുഗ്രഹപ്രഭാഷണവും തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**റിസോഴ്സ് പേഴ്സൻസ് മീറ്റ്**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രീകാന കോഴ്സിന് സഹായിക്കുന്ന എല്ലാ അച്ചന്മാരേയും സിസ്റ്റേഴ്സിനേയും ഡോക്ടേഴ്സിന്റേയും അദ്ധ്യാപകരുടേയും കൂട്ടായ്മ ഈ വരുന്ന നവംബർ 25-ാം തിയ്യതി തിങ്കളാഴ്ച്ച വൈകീട്ട് 5.00-ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്നു. ഈ കൂട്ടായ്മയിലേക്ക് വിവാഹകോഴ്സിന് സഹായിക്കുന്ന എല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് – 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2024 പാത്രാമംഗലം, വീണ്ടശ്ശേരി, പനമുക്ക്, കല്ലൂർ വെസ്റ്റ്, പുത്തൂർ, കുണ്ടുകാട്, തെക്കേ തൊറവ് എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**സ്കിറ്റ് മത്സരം**

തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഭാരവാഹികൾക്കുള്ള സ്കിറ്റ് മത്സരത്തിന്റെ അതിരൂപത തല മത്സര തിയ്യതി നവംബർ 17-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉച്ചയ്ക്ക് 1.30 മുതൽ 3.00 വരെയായിരിക്കും സ്കിറ്റ് മത്സരം. ഓരോ ഫൊറോനയിലെ ഒന്നാം സ്ഥാനം നേടുന്നവരാണ് അതിരൂപത തല മത്സരത്തിന് പങ്കെടുക്കേണ്ടത്.

<u>സ്കിറ്റ് മത്സരനിബന്ധനകൾ</u>

1. കുടുംബ കൂട്ടായ്മ ഭാരവാഹികൾ ആയിരിക്കണം മത്സരാർത്ഥികൾ.
2. ഫൊറോന തലത്തിൽ മത്സരിച്ച് അതിൽ വിജയികളാകുന്ന ടീം ആയിരിക്കണം അതിരൂപതതലത്തിൽ ഫൊറോനയെ പ്രതിനിധീകരിക്കേണ്ടത്.
3. അതിരൂപത, ഫൊറോന തല ഭാരവാഹികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല
4. അവതരണ സമയം പരമാവധി പത്ത് മിനിറ്റ് ആയിരിക്കും
5. രംഗസജ്ജീകരണത്തിന് അഞ്ച് മിനിറ്റ് നൽകുന്നതായിരിക്കും
6. അഭിനേതാക്കൾ തൽസമയം സംഭാഷണം നടത്തേണ്ടതാണ്
7. സ്റ്റേജിൽ മൈക്ക്, ലൈറ്റ് പശ്ചാത്തല സംഗീതം എന്നിവ

അനുവദനീയമല്ല

8. ക്രൈസ്തവ മൂല്യങ്ങൾക്ക് അധിഷ്ഠിതമായ വിഷയമായിരിക്കണം അവതരിപ്പിക്കേണ്ടത്

9. തുറന്ന സ്റ്റേജിൽ ആയിരിക്കും മത്സരം നടത്തുക

10. വിഷയത്തിനനുസരിച്ച് രംഗസജ്ജീകരണങ്ങളും വസ്ത്രാലങ്കാരങ്ങളും വേണമെങ്കിൽ ഉപയോഗിക്കാം

11. സ്കിറ്റിൽ പരമാവധി 7 പേരും മിനിമം 5 പേരെങ്കിലും ഉണ്ടായിരിക്കണം

12. സ്കിറ്റ് കഴിഞ്ഞ് 5 മിനിറ്റുനുള്ളിൽ സ്റ്റേജ് രഹലമ്യ ആക്കി തരേണ്ടതാണ്.

13. ഒരു വ്യക്തി രണ്ട് റോളിൽ അഭിനയിച്ചാലും ഒരു അംഗമായിട്ടേ പരിഗണിക്കുകയുള്ളൂ.

14. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നവംബർ 3-ാം തിയ്യതി ചാന്ദ മിഷൻ രൂപതയിലേക്ക് പുറപ്പെട്ട് 8-ാം തിയ്യതി തിരിച്ചെത്തുന്ന രീതിയിലാണ് മിഷൻ സന്ദർശനം നടത്തുന്നത്. ഈ യാത്രയിൽ ആയിരിക്കുന്ന എല്ലാവരേയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

**കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സ് മീറ്റ്**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഇടവകയിൽ പ്രവർത്തിക്കുന്ന കുട്ടികൂട്ടായ്മ ആനിമേറ്റേഴ്സിനുവേണ്ടി സംഘടിപ്പിച്ച ശില്പശാല സെപ്റ്റംബർ 28-ാം തിയ്യതി ശനിയാഴ്ച്ച കാലത്ത് 9.30 മുതൽ 1.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു.

പ്രസ്തുത ശില്പശാല തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**ഗ്ലോബൽ മാതൃവേദി മാർഗ്ഗംകളി**

സീറോമലബാർ ഗ്ലോബൽ മാതൃവേദിയുടെ നേതൃത്വത്തിൽ രൂപതകൾ തമ്മിലുള്ള മാർഗ്ഗംകളി മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുകയുണ്ടായി. മാർഗ്ഗംകളി മത്സരം ഷെവലിയാർ സി. എൽ. ജോസ് ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭയിലെ ധാരാളം രൂപതകളിൽ നിന്ന് മാതൃവേദി അമ്മമാർ മാർഗ്ഗംകളി മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി. തൃശ്ശൂർ അതിരൂപതയ്ക്ക് രണ്ടാമത്തെ പ്രോത്സാഹന സമ്മാനം ലഭിക്കുകയുണ്ടായി.

**2021 – 2024 ബെസ്റ്റ് യൂണിറ്റ് മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ 2021 - 2024 വർഷങ്ങളിലെ യൂണിറ്റ് പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഫൊറോനയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ബെസ്റ്റ് യൂണിറ്റുകളാണ് താഴെ കൊടുത്തിരിക്കുന്നത്. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

1. ബസിലിക്ക ഫൊറോന – കണ്ണംകുളങ്ങര
2. ഒല്ലൂർ ഫൊറോന – മരത്താക്കര
3. പഴുവിൽ ഫൊറോന – പുത്തൻ പീടിക
4. പുതുക്കാട് ഫൊറോന – വരാക്കര സൗത്ത്
5. ലൂർദ്ദ് കത്തീഡ്രൽ ഫൊറോന – നടത്തറ
6. കൊട്ടേക്കാട് ഫോറോന – പേരാമംഗലം
7. മറ്റം ഫൊറോന – കൂനമൂച്ചി
8. പുത്തൂർ ഫൊറോന – പൊന്നൂക്കര
9. കണ്ടശ്ശാംകടവ് ഫൊറോന – മുല്ലശ്ശേരി
10. പാലയൂർ ഫൊറോന – കോട്ടപ്പടി
11. പറപ്പൂർ ഫൊറോന – പുറനാട്ടുക്കര
12. വടക്കാഞ്ചേരി ഫൊറോന – കാഞ്ഞിരക്കോട്
13. എരുമപ്പെട്ടി ഫൊറോന – എരുമപ്പെട്ടി
14. വേലൂർ ഫൊറോന – തണ്ടിലം
15. ചേലക്കര ഫൊറോന – മായന്നൂർ

**2021 – 2024 ബെസ്റ്റ് ഫൊറോന മത്സര വിജയി**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ 2021 – 2024 വർഷങ്ങളിലെ ഫൊറോന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല ഫൊറോനയായി തെരഞ്ഞെടുക്കപ്പെട്ടത് വേലൂർ ഫൊറോനയാണ്. പങ്കെടുത്തവർക്കും പ്രത്യേകിച്ച് വേലൂർ ഫൊറോനയ്ക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രാമിന്റെ എട്ടാമത്തെ സെമിനാർ നവംബർ 30-ാം തിയ്യതി ശനിയാഴ്ച്ച 9.30 മുതൽ 1.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**ജപമാല നിർമ്മാണ പരിശീലനം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കുവേണ്ടി ജപമാല നിർമ്മാണ പരിശീലനം നവംബർ 30 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ പരിശീലന പരിപാടിയിലേക്ക് താൽപര്യമുള്ള എല്ലാ അമ്മമാരേയും (മാതൃവേദിയിൽ ഉള്ളവരും ഇല്ലാത്തവരുമായ) ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെയുള്ള നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ് (8921638080).

**മിഷൻ യാത്ര**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ ചാന്ദ രൂപതയിലേക്ക് മിഷൻ യാത്ര സംഘടിപ്പിച്ചു. അവിടത്തെ കുടുംബങ്ങൾക്കും കുട്ടികൾക്കും കൊടുക്കാനായി വിശുദ്ധ വസ്തുക്കളും പഠനോപകരണങ്ങളും ശേഖരിക്കുകയും മിഷൻ സ്റ്റേഷനുകളിൽ നൽകുകയും ചെയ്തു. ചാന്ദ രൂപതയിലെ ബിഷപ്പ്സ് ഹൗസിലും നാന്ദ്ഗാവ്, ഗച്ചറോളി, ഗോമിനി, കൾമന എന്നീ മിഷൻ സ്റ്റേഷനുകളും സന്ദർശിച്ചു. പ്രധാനമായും ജാരവണ്ടി മിഷൻ സ്റ്റേഷനിലെ ഗ്രാമങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം പ്രാർത്ഥിക്കുകയും അവർക്കുവേണ്ട സഹായം നൽകുകയും ചെയ്തു.

**മാതൃവേദി ഭാരവാഹികളുടെ യൂണിറ്റ് ഇലക്ഷൻ 2024**

മാതൃവേദി ഭാരവാഹികളുടെ യൂണിറ്റ് ഇലക്ഷൻ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി കഴിഞ്ഞു കാണുമെന്ന് പ്രതീക്ഷിക്കുന്നു. യൂണിറ്റ് ഇലക്ഷൻ കഴിഞ്ഞവർ ഇനിയും ഭാരവാഹികളുടെ ലിസ്റ്റ് തരാത്തവർ എത്രയും വേഗം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിലെ മാതൃവേദി ഓഫീസിൽ ഏൽപിക്കണമെന്ന് വളരെ സ്നേഹത്തോടെ അഭ്യർത്ഥിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**മാതൃവേദി ഭാരവാഹികളുടെ ഫൊറോന ഇലക്ഷൻ നവംബർ 2024**

മാതൃവേദിയിലെ നിലവിലുള്ള ഫൊറോന ഭാരവാഹികളെ നവംബർ മാസത്തിലാണ് ഫൊറോന ഇലക്ഷൻ നടക്കേണ്ടത്. ആയതുകൊണ്ട് ഫൊറോന ഭാരവാഹികൾ ഫൊറോന ആനിമേറ്റർ അച്ചനുമായി ആലോചിച്ച് നവംബർ മാസത്തിൽ ഉചിതമായ തിയ്യതി കണ്ടെത്തി ഫൊറോന ഇലക്ഷൻ നടത്തേണ്ടതാണ്. ഫൊറോന ഇലക്ഷന്റെ തിയ്യതി നിശ്ചയിച്ചു കഴിഞ്ഞാൽ ഉടനെ തന്നെ അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. കാരണം അതിരൂപതയിൽ നിന്ന് നിരീക്ഷകരായി ഫൊറോന ഇലക്ഷനിൽ പങ്കെടുക്കാനുള്ളതുകൊണ്ടാണ്. ഫൊറോന ഇലക്ഷന്റെ തിയ്യതി നിശ്ചയിച്ചു കഴിഞ്ഞാൽ വിളിച്ച് അറിയിക്കേണ്ട നമ്പർ ഇതാണ് 9605043327. ഫൊറോന ഇലക്ഷന് ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

<u>ഫൊറോന (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)</u>

1. എല്ലാ ഫൊറോനകളിലും നവംബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ ആനിമേറ്ററച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.

8. ഫൊറോന ഭാരവാഹി ആകുന്ന ആൾ ഇടവക ഭാരവാഹി ആയിരിക്കണം.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ.
10. ഫൊറോന ഇലക്ഷന് ഫൊറോന ആനിമേറ്ററച്ചനായിരിക്കും നേതൃത്വം കൊടുക്കുക. അതിരൂപതയിൽ നിന്ന് നിരീക്ഷകരായി അതിരൂപത ഭാരവാഹികൾ വരുന്നതായിരിക്കും.
11. ഫൊറോന ഇലക്ഷന്റെ തിയ്യതിയും സമയവും അതിരൂപത മാതൃവേദി ഓഫീസിൽ നേരത്തെ അറിയിക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് നവംബർ 4 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 9ന് ശനിയാഴ്ച്ച രാവിലെ 10.30 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റേയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു

ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം നവംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും നവംബർ 10ന് ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**നന്ദിയോടെ-ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാല മാസമായ ഒക്ടോബർ മാസത്തിൽ പ്രോലൈഫ് സമിതി അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. ഒരു കോടിയോളം ജപമാല ചൊല്ലി ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനുകൾക്കു വേണ്ടിയും യുദ്ധമേഖലകളിലും ആഭ്യന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ വേണ്ടിയും പ്രാർത്ഥിക്കുകയുണ്ടായി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**'അമ്മ മാലാഖ'**

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസിന്റെ സഹകരണത്തോടെ കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച സപ്ന ട്രേസിയുടെ ജീവിതകഥ പറയുന്ന പുസ്തകമാണ് 'അമ്മ മാലാഖ'. കോപ്പികൾ ആവശ്യമുള്ളവർക്ക് തൃശ്ശൂർ അതിരൂപത ലോഫ്, ഫാമിലി അപ്പൊസ്തൊലേറ്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ - 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' നവംബർ 9-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ

കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഡിസംബർ 13,14,15 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഡിസംബർ 13 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 15 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF ACADEMIC SESSION**

ഒക്ടോബർ മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 27-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠനത്തിന് ലോഫ് ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ



## പിതൃവേദി

**മെറിറ്റ് ഡേ**

തൃശ്ശൂർ അതിരൂപത പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധങ്ങളായ മത്സരങ്ങളുടെ സമ്മാനദാനവും മെറിറ്റ് ഡേയുമായി നവംബർ 17ന് ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3.30 ന് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തുന്നതായിരിക്കും. പിതൃവേദി ഇടവക, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുകയും സമ്മാനർഹരായവർ മെറിറ്റ് ഡേയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

## സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും മ്യൂസിക്, സംസ്കൃത കോളേജുകളിലും ബിരുദ കോഴ്സുകളിൽ 2023 – 2024 അധ്യയന വർഷം ഒന്നാംവർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും സ്റ്റേറ്റ് സ്കോളർഷിപ്പിന് വേണ്ടി അപേക്ഷകൾ ക്ഷണിക്കുന്നു.

* അപേക്ഷകർ 2023–24 അധ്യയന വർഷത്തിൽ സംസ്ഥാന സർക്കാർ/ആർട്സ് & സയൻസ് കോളേജുകൾ മ്യൂസിക്, സംസ്കൃതം കോളേജുകൾ, ഇവയിൽ ഏതെങ്കിലും ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾ ആയിരിക്കണം.
* യോഗ്യത പരീക്ഷയിൽ 85% ൽ അധികം മാർക്ക് നേടിയിരിക്കണം.
* അപേക്ഷകർക്ക് ഐ എഫ് എസ് സി കോഡ് സൗകര്യമുള്ള ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
* 1:1:1 എന്ന ക്രമത്തിൽ സയൻസ് കോമേഴ്സ് ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളിൽ നിന്നുമാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.
* പ്ലസ് ടു മാർക്കിന്റെ /അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് മ്യൂസിക്, സംസ്കൃതം കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രി തലം മുതൽ തുടർച്ചയായി അഞ്ചുവർഷത്തേക്ക് ആണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
* 95% അതിൽ അധികവും മാർക്കുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം പതിനായിരം രൂപ വരുമാനപരിധി കണക്കാക്കാതെ 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നു
* 90%വും അതിൽ അധികവും മാർക്കുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം പതിനായിരം രൂപ വരുമാനപരിധി നിശ്ചയിച്ച് 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നതാണ്.
* 85 % അതിലധികവും മാർക്കുള്ള ബി പി എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം പതിനായിരം രൂപ വീതം 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നതാണ്.
* മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ, സ്റ്റൈപ്പന്റു

കളോ കൈ പറ്റുന്ന വിദ്യാർഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയില്ല.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 15-02-2025

**നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ വിജ്ഞാപനം (NMMSE) 2024 2025**

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നടപ്പാക്കിവരുന്ന പദ്ധതിയായ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് (NMMS) അർഹരായ കുട്ടികളെ കണ്ടെത്തുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ 2024-25 അധ്യായന വർഷം എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ online ആയി അപേക്ഷിക്കാവുന്നതാണ്. അർഹരാകുന്ന കുട്ടികൾക്ക് 9,10,11,12 എന്നീ ക്ലാസുകളിൽ Verification ലഭിക്കുന്നതാണ്. പ്രതിവർഷം 12,000/- രൂപയാണ് സ്കോളർഷിപ്പ്.

<u>ആവശ്യമായ രേഖകൾ</u>

1. വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന മൂന്നര ലക്ഷം രൂപയിൽ അധികരിക്കാത്തതും നിശ്ചിത കാലാവധി കഴിയാത്തതുമായ വരുമാന സർട്ടിഫിക്കറ്റ്.
2. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എസ്. സി./ എസ്. ടി. വിഭാഗങ്ങളിലെ കുട്ടികൾക്ക് മാത്രം)
3. 40% ത്തിൽ കുറയാതെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് മാത്രമേ പ്രസ്തുത വിഭാഗത്തിൽ അപേക്ഷിക്കുവാൻ കഴിയൂ. ആയത് തെളിയിക്കുന്നതിനായി മെഡിക്കൽ ബോർഡിന്റെ അംഗീകൃത സർട്ടിഫിക്കറ്റ് നിർബന്ധമാണ്. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നത് അല്ല
4. പാസ്പോർട്ട് സൈസ് ഫോട്ടോ

**70 വയസ്സിനു മുകളിലുള്ളവർക്ക് ആയുഷ്മാൻ ഭാരത് സൗജന്യ ആരോഗ്യ പരിരക്ഷ**

എഴുപതു വയസ്സിനു മുകളിലുള്ള എല്ലാ മുതിർന്ന പൗരരെയും കുടുംബ വരുമാനം കണക്കിലെടുക്കാതെ ആയുഷ്മാൻ ഭാരത് സൗജന്യ ആരോഗ്യ പരിരക്ഷ നിലവിൽ ഏതെങ്കിലും കേന്ദ്ര-സംസ്ഥാന ആരോഗ്യപദ്ധതിക്ക് കീഴിലുള്ളവർക്ക് അത് തുടരുകയോ പുതിയത് തിരഞ്ഞെടുക്കുകയോ ചെയ്യാം. അർഹരായവർക്ക് വ്യക്തിഗത കാർഡ് വിതരണം ചെയ്യും

1. ആർക്കൊക്കെ ലഭിക്കും?

70 വയസിൽ കൂടുതലുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും സാമൂഹിക – സാമ്പത്തിക നില പരിഗണിക്കാതെ അത്ര ജണഖഅഥ യുടെ ആനുകൂല്യങ്ങൾ ലഭ്യമാകും. അർഹരായവർക്ക് പ്രത്യേക കാർഡ് വിതരണം ചെയ്തായിരിക്കും ആനുകൂല്യം ലഭ്യമാക്കുക.

2. നിലവിൽ ആയുഷ് ഭാരത് പദ്ധതിക്ക് കീഴിലുള്ളവർ?

നിലവിൽ ആയുഷ് ഭാരത് പദ്ധതിക്ക് കീഴിലുള്ള കുടുംബങ്ങളിലെ മുതിർന്ന പൗരർക്ക് അഞ്ച് ലക്ഷം രൂപയുടെ അധിക പരിരക്ഷയാകും ലഭിക്കുക. അധികമായി ലഭിക്കുന്ന അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷ കുടുംബത്തിലെ 70 വയസ്സിന് താഴെയുള്ള അംഗങ്ങൾക്ക് പങ്കിടാനാവില്ല.

3. സ്വകാര്യ പോളിസി എടുത്തവർ?

കേന്ദ്ര ഗവൺമെന്റ് ഹെൽത്ത് സ്കീം (സിജിഎച്ച്എസ്), എക്സ്-സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം (ഇസിഎച്ച് എസ്), ആയുഷ്മാൻ സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സ് (സിഎപിഎഫ്) തുടങ്ങിയ മറ്റു പൊതു ആരോഗ്യ ഇൻഷുറൻസ് സ്കീമുകളുടെ ആനുകൂല്യങ്ങൾ ഇതിനകം ലഭിക്കുന്ന 70 വയസും അതിൽ കൂടുതലുമുള്ള മുതിർന്ന പൗരന്മാർക്ക് നിലവിലുള്ള സ്കീമുകളിൽ തുടരുകയോ അല്ലെങ്കിൽ ആയുഷ്മാൻ ഭാരത് തിരഞ്ഞെടുക്കുകയോ ചെയ്യാം. സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് പോളിസികൾ അല്ലെങ്കിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീമിന് കീഴിലുള്ള 70 വയസും അതിൽ കൂടുതലുമുള്ള മുതിർന്ന പൗരന്മാർക്ക് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# സാന്ത്വനം

### സാന്ത്വനം സർജിക്കൽസ്(രോഗി പരിചരണ ഉപകരണ ബാങ്ക്)

സെപ്തംബർ മാസത്തിൽ കട്ടിൽ,എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, നെബുലൈസർ, ബെഡ് പാൻ എന്നീ സർജിക്കൽ ഉപകരണങ്ങൾ വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകിയത്.

### ഭവന നിർമാണ പ്രവർത്തനങ്ങൾ

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നിർമിക്കുന്ന സാന്ത്വന ഭവനം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ബ്രഹ്മകുളത്ത് നിർമാണം പൂർത്തീകരിച്ച് ഉടമസ്ഥർക്ക് കൈമാറി. ഗൃഹപ്രവേശന ചടങ്ങിൽ ഭവനത്തിലെ താമസക്കാരും ബന്ധുക്കളും സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി,അസി.. ഡയറക്ടർ ഫാ. ഡിക്സൺ കൊളംമ്പ്രത്ത്, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ഭവന നിർമാണത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ നേതൃത്വം നൽകി. ബാക്കിയുള്ള ഭവനങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

### സൈക്കിൾ വിതരണം

തൃശ്ശൂർ: കാർബൺ എമിഷൻ കുറച്ച് നെറ്റ് സീറോ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനം 350 സൈക്കിളുകൾ വിദ്യാർത്ഥികൾക്കായി പകുതി സാമ്പത്തിക സഹായത്തോടെ വിതരണം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായ ജൈത്ര ഫൗണ്ടേഷനുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ വിശദികരണം പ്രോജക്ട് കോർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി വിശദീകരിച്ചു. സെന്റ് തോമസ് തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന യോഗത്തിൽ സാന്ത്വനം അസ്സോസിയേറ്റ് ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി സ്വാഗതവും സാന്ത്വനം അസിസ്റ്റന്റ് ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത് നന്ദിയും പറഞ്ഞു. സാന്ത്വനം ബോർഡ് അംഗങ്ങളായ ശ്രീ. ജോജു മഞ്ഞില, ശ്രീ. എ.എ. ആന്റണി, ശ്രീ.ജോണി പി.ജെ, ശ്രീ.റോണി അഗസ്റ്റിൻ, ശ്രീ. ടോജോ മാത്യു, ശ്രീമതി എലിസബത്ത് മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ക്ലാസ്സുകൾ നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ CMGHSS കുറ്റൂർ സ്കൂളിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ നടത്തി.സജീവത്തിന്റെയും ആയുർ ആരോഗ്യ ഫൗണ്ടേഷന്റെയും സഹായത്തോടെ നടത്തിയ ബോധവത്കരണ ക്ലാസ്സിൽ എല്ലാ +1 വിദ്യാർത്ഥികളും പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

## ട്രിച്ചൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ടിംഹാൻസ്)

**ടിംഹാൻസിന്റെ പുതിയലോഗോ പ്രകാശനം ചെയ്തു.**

ടിംഹാൻസ്-ന്റെ പുതിയ ലോഗോ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും ചേർന്ന് പ്രകാശനം ചെയ്തു. 2011ൽ പ്രവർത്തനമാരംഭിച്ച ടിംഹാൻസ് ആശുപത്രി ഇരുപതോളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള അംഗീകാരമുള്ള മനോരോഗ മന:ശാസ്ത്ര ആശുപത്രിയാണ്. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽകോളേജിലെ സൈക്യാട്രി വിഭാഗത്തിന്റെ ഉപവിഭാഗമായാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. അതിനാൽതന്നെ ജൂബിലിമിഷനിലെ ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. മന:ശാസ്ത്ര-മനോരോഗവിദഗ്ധരുടെ സേവനം ലഭ്യമാകാൻ 9747556301, 0487-2202289 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം എന്ന് ഡയറക്ടർ അറിയിച്ചു.

**ടിംഹാൻസിൽ' ലോക മാനസികാരോഗ്യ ദിനം**

ലോക മാനസികാരോഗ്യ ദിനത്തിന്റെ ഈ വർഷത്തെ പ്രമേയമായ 'തൊഴിൽ ഇടങ്ങളിലെ മാനസികാരോഗ്യം'' ഇന്നിന്റെ അനിവാര്യതയാണ് എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് ലോക മാനസിക ആരോഗ്യദിനം ആചരിച്ചു. ടിംഹാൻസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് പെരിങ്ങണ്ടൂർ പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ ബി. എഡ്. കോളേജ് പ്രിൻസിപ്പാളും ഡയറക്ടറുമായ റവ. ഫാ.

ജോൺസൻ അന്തിക്കാട്ട് ഉദ്ഘാടനം ചെയ്തു. വെല്ലൂർ സി.എം.സി. മെഡിക്കൽ കോളേജിലെ സൈക്കാട്രിവിഭാഗം മുൻ അസിസ്റ്റൻറ് പ്രൊഫസറും ഇപ്പോൾ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെയും പെരിങ്ങണ്ടൂർ ടിംഹാൻസിലെയും സൈക്യാട്രിസ്റ്റുമായ ഡോ. സ്നേഹ മരിയ സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി.

**ഫാ. ജോബി കടപ്പൂരാൻ**

ഡയറക്ടർ

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം അതിരൂപതാ തലത്തിൽ മുഴുവൻ കൂരിയകളേയും, പ്രസീദിയങ്ങളേയും പങ്കെടുപ്പിച്ച് കൊണ്ട് തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് 17 08 2024 ശനിയാഴ്ച ആരാധനാ ദിനമായി ആചരിച്ചു. കമ്മീസിയം ഭാരവാഹികൾ നേതൃത്വം നൽകിയ ആരാധനയിൽ നൂറ് കണക്കിന് മരിയൻ സൈനികർ പങ്കെടുത്തു. ലീജിയന്റെ ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ ദിവ്യബലി അർപ്പിച്ചു.

**ഫാ. ജോൺ മൂലൻ**

ആദ്ധ്യാത്മിക നിയന്താവ്

## മദ്യവിരുദ്ധസമിതി

**1. വടക്കൻ മേഖല സമ്മേളനം**

കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി തൃശൂർ അതിരൂപത വടക്കൻ മേഖല സമ്മേളനം സംഘടിപ്പിച്ചു. എരുമപ്പെട്ടി തിരുഹൃദയ ഫൊറോന പള്ളിയിൽ വെച്ച് നടന്ന യോഗത്തിന് തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസി പന്തല്ലൂക്കാരൻ അദ്ധ്യക്ഷനായി. എരുമപ്പെട്ടി തിരുഹൃദയ ഫൊറോന പള്ളി വികാരി വെരി റവ. ഫാ. ജോഷി ആളൂർ വടക്കൻ മേഖല സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡേവിസ് ചക്കാലയ്ക്കൽ അനുഗ്രഹ പ്രഭാഷകനായി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ ചടങ്ങിന് ആശംസയർപ്പിച്ച്

പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് നടക്കാൻ പോകുന്ന 27-ാം വാർഷിക സമ്മേളന വിഷയാവതരണം നടത്തി.

**2. പടിഞ്ഞാറൻ മേഖല സമ്മേളനം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പടിഞ്ഞാറൻ മേഖല സമ്മേളനം സംഘടിപ്പിച്ചു. പാലയൂർ സ്കൂളിൽ നടന്ന സമ്മേളനം ശ്രീമതി സിസിലി ടീച്ചറുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ഫൊറോന വികാരി വെരി റവ. ഫാ. ഡേവിസ് കണ്ണമ്പുഴ സമ്മേളനത്തിന് ഉത്ഘാടകനായി. അദ്ധ്യക്ഷനായത് തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. പ്രോഗ്രാം കൺവീനർ ശ്രീ, ജോസ് ആലപ്പാട്ട് 27-ാം വാർഷിക സമ്മേളന വിഷയാവതരണം നടത്തി. സിസിലി ടീച്ചർ രചിച്ച 'പൂക്കളാണ് സത്യം' എന്ന പുസ്തകം സമ്മേളനത്തിൽ വിതരണം ചെയ്തു.

**3. 27-ാമത് വാർഷിക സമ്മേളനം**

തൃശൂർ പുത്തൻ പള്ളി ബസിലിക്കാ ഹാളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ച 27-ാമത് വാർഷിക സമ്മേളനം മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ പതാക ഉയർത്തിക്കൊണ്ട് വാർഷിക സമ്മേളനത്തിന് തുടക്കമായി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ യോഗത്തിന് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ് ആമുഖപ്രഭാഷകനായത്. സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ റിപ്പോർട്ട് അവതരിപ്പിച്ചു. മുഖ്യപ്രഭാഷണം നടത്തിയത് കേരള മദ്യനിരോധന സമിതി വനിതാ വിഭാഗം പ്രസിഡന്റ് പ്രൊഫ. ഒ.ജെ. ചിന്നമ്മയാണ്. തൃപ്രയാർ കപിലാശ്രമം അദ്ധ്യക്ഷൻ സ്വാമി തേജസ്വരൂപാനന്ദ സരസ്വതി അനുഗ്രഹപ്രഭാഷണം ചൊരിഞ്ഞു. സമിതി സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും തൃശൂർ ബസിലിക്ക റെക്ടർ വെരി റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് വിതരണം ചെയ്തു. ശ്രീ. സി.കെ. പോൾ (മുക്കാട്ടുകര), ലെഫ്റ്റനന്റ് കേണൽ കൊച്ചുറാണി (തൃശൂർ ലൂർദ്ദ്), ബ്രദർ ജിയോ വല്ലച്ചിറക്കാരൻ (ചേർപ്പ്) എന്നിവരെ നെസ്റ്റ് ഡയരക്ടർ റവ. ഫാ. ടിജോ മുള്ളക്കര സമാദരിക്കുകയുണ്ടായി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**ബൈബിൾ പൂക്കളേഴ്സ് 2024**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ജൂനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി കുരിയച്ചിറ സെന്റ് ജോസഫ്സ്സ്കൂളിൽ വച്ച് സെപ്റ്റംബർ 17-ാം തിയ്യതി ബൈബിൾ പൂക്കളേഴ്സ് 2024 സംഘടിപ്പിച്ചു. സെന്റ്. ജോസഫ്സ് മോഡൽ HSS മാനേജർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര ഉദ്ഘാടനം നിർവഹിച്ചു. റവ.ഫാ. ഡൈജോ പൊറുത്തൂർ, റവ. ഫാ. അൽജോ കരേരക്കാട്ടിൽ, റവ. ഫാ. ഡിറ്റോ സുപ്രത്ത് എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. ഇരുപതോളം ഇടവകകൾ പൂക്കളമത്സരത്തിൽ പങ്കെടുത്തു.

<u>സമ്മാനാർഹരായവർ</u>

First Prize: പൊങ്ങണംകാട് ഇടവക

Second Prize: പറപ്പൂർ ഇടവക

Third Prize: മണ്ണുത്തി ഇടവക

Consolation Prize: -പേരാമംഗലം, ബസിലിക്ക, വേലുപ്പാടം, ലൂർദ്ദ്, ആളൂർ, ഒളരിക്കര, ചേറൂർ, ചിയ്യാരം വിജയമാത, നിർമ്മലപുരം, കുറുമാൽ.

**അതിരൂപതാതല കലോത്സവം 2024**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതലത്തിൽ തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി സെപ്റ്റംബർ 21-ാം തിയ്യതി അതിരൂപതാതല കലോത്സവം സംഘടിപ്പിച്ചു. കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർസെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന മത്സരത്തിൽ 161 ഇടവകകളിൽ നിന്നായി 1600 ഓളം കുട്ടികൾ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം നിർവഹിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി, കോർഡിനേറ്റർ റവ. സി. ബീന റോസ് എസ്.എസ്.പി.സി., ഫൊറോനാ പ്രൊമോട്ടേഴ്സ്, അതിരൂപത ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. സഹകരിച്ച ഏവർക്കും നന്ദി. മത്സരവിജയികൾക്കുള്ള (ഒന്ന്, രണ്ട്, മൂന്ന് സ്ഥാന

ങ്ങൾ) സമ്മാനങ്ങൾ 2025 ജനുവരി 19 ഞായറാഴ്ച്ച ഡി.ബി.സി.എൽ. സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. അ ഗ്രേഡ് ലഭിച്ചവർക്കുള്ള സമ്മാനങ്ങൾ മത്സരദിവസം തന്നെ വിതരണം ചെയ്തിരുന്നു. ഇനിയും ആരെങ്കിലും വാങ്ങാത്തതുണ്ടെങ്കിൽ ഈ ദിവസങ്ങളിൽ ഡി.ബി.സി.എൽ.സി ഓഫിസിൽ വന്നു കൊണ്ടുപേ ാകേണ്ടതാണ്.

**Parish Level Winners**

<u>OVERALL TOP SCORERS</u>

FIRST : O. L. of Lourdes Metropolitan Cathedral, Thrissur(113 Points)

SECOND : Sacred Heart Forane Church, Erumapetty(110 Points)

THIRD : St. Thomas Church, Aranattukara(97 Points)

<u>ALTAR BOYS ASSOCIATION</u>

FIRST : St. Antony's Forane Church, Pudukad(43 Points)

SECOND : St. Thomas Church, Aranattukara(40 Points)
St. Sebastian's Church Puranattukara(40 Points)

THIRD : Sacred Heart Forane Church, Erumapetty(35 Points)

<u>JUNIOR CLC</u>

FIRST : O. L. of Lourdes Metropolitan Cathedral, Thrissur(54 Points)

SECOND : O. L. of Assumption Church, Pallikkunnu(45 Points)

THIRD : Mary Immaculate Church, Marathakkara(28 Points)

<u>HOLY CHILDHOOD</u>

FIRST : St. Cyriac's Church, Vylathur(64 Points)

SECOND : St. John Nepumcian Forane Church, Parappur(62 Points)

THIRD : St. Mary's Assumption Forane Church, Kottekkad(58 Points)

**സ്കൂൾ തിരുബാലസഖ്യം കലാമത്സരങ്ങൾ 2024**

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 9ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 8.30 ന് സെന്റ് ജോസഫ്സ് മോഡൽ ഹയർസെക്കൻഡറി സ്കൂളിൽവെച്ച് നടത്തപ്പെടുന്നതാണ്.

**Saints' Quiz Forane Level**

ഇടവകതലത്തിൽ നടത്തിയ Saints' Quiz പരീക്ഷയിൽ ഓരോ വിഭാഗത്തിലും (സബ് ജൂനിയർ, ജൂനിയർ, സീനിയർ) ഫസ്റ്റ് കിട്ടിയ കുട്ടികളുടെ പേരുകൾ ഫൊറോന രജിസ്ട്രേഷൻ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടെ 2024 നവംബർ 12-ാം തിയ്യതിക്കുള്ളിൽ അതാത് ഫൊറോനകളിലെ ചിൽഡ്രൻസ്

മിനിസ്ട്രി ഫൊറോന പ്രമോട്ടറെ ഏൽപിക്കേണ്ടതാണ്. ഫൊറോന തല പരീക്ഷ ഡിസംബർ 1 നാണ് നടത്തപ്പെടുക.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

<u>തിരുവചനം:</u> 'യേശുക്രിസ്തുവിന്റെ നല്ല പടയാളിയെ പോലെ കഷ്ടപ്പാടുകൾ സഹിക്കുക' (2 തിമോത്തേയോസ് 34)

<u>സുകൃത ജപം:</u> എന്റെ ഈശോയെ എന്റെ ഹൃദയത്തെ നിന്റെ സ്നേഹം കൊണ്ട് നിറയ്ക്കണമേ.

<u>പ്രാർത്ഥനാ നിയോഗം:</u> സ്വന്തം മാതാപിതാക്കളുടെ വേർപാടിൽ ദുഖിക്കുന്ന കുഞ്ഞുമക്കളുടെ ദു?ഖത്തിൽ പങ്കുചേർന്നുകൊണ്ട് അവർക്ക് വേണ്ടി പ്രാർത്ഥിക്കാം

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> പരിശുദ്ധമായ ഐക്യത്തിനും വിശുദ്ധ പത്രോസിന്റെയും അദ്ദേഹത്തിന്റെ പിൻഗാമിയായ അത്യുന്നതനായ മെത്രാന്റെയും പരമാധികാരത്തിന് സാക്ഷിയായി മരിക്കുവാൻ സന്നദ്ധനായ വിശുദ്ധ ജോസഫത്താണ് നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധൻ. നവംബർ 12ന് തിരുസഭ ഈ വിശുദ്ധനെ ഓർക്കുന്നു

<u>പ്രവർത്തനം :</u> 'ഇന്ന് ഞാൻ നാളെ നീ' എന്ന ചിന്തയ്ക്ക് സ്ഥാനം കൊടുത്തുകൊണ്ട് ശുദ്ധീകരണസ്ഥലത്തിൽ സങ്കടപ്പെടുന്ന ആത്മാക്കളുടെ നിത്യശാന്തിക്കായി നമുക്ക് ജപമാല ചൊല്ലി കാഴ്ച വയ്ക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

## ജീസസ്സ് യൂത്ത്

### TLT24 (തൃശ്ശൂർ ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം)

ജീസസ് യൂത്ത് തൃശ്ശൂർ സോണിന്റെ നേതൃത്വത്തിൽ ഫസ്റ്റ് ലൈൻ ലീഡേഴ്സിനു വേണ്ടി TLT (തൃശ്ശൂർ ലീഡേഴ്സ് ട്രെയിനിങ്) എന്ന പേരിൽ നേതൃത്വപരിശീലന പരിപാടി സെപ്റ്റംബർ പതിമൂന്ന് വൈകിട്ട് ഏഴു മണി മുതൽ സെപ്റ്റംബർ പതിനേഴ് ഉച്ച തിരിഞ്ഞ് നാലുമണി വരെ ദർശന പാസ്ട്രൽ സെന്റർ പീച്ചിയിൽ നടത്തപ്പെട്ടു. തൃശ്ശൂർ സോണിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി പതിനേഴു ലീഡേഴ്സ് ഈ ട്രൈനിങ്ങിൽ പങ്കെടുത്തു. സ്പിരിച്ചൽ

പാർട്ട്, ട്രെയിനിങ് പാർട്ട് എന്നിങ്ങനെ രണ്ടുഭാഗമായി നടന്ന ഈ ട്രെനിങ്ങിൽ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ (ജീസസ് യൂത്ത് തൃശ്ശൂർ ഡയറക്ടർ), ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ (അസോസിയേറ്റഡ് ഡയറക്ടർ), റൈജു വർഗീസ്(മുൻ ഇന്റർനാഷണൽ കോർഡിനേറ്റർ), സിന്റോ കാട (നാഷണൽ കൗൺസിൽ മെമ്പർ), ഫാ. ടിജോ മുള്ളക്കര (നെസ്റ്റ് ഡയറക്ടർ), ജസ്റ്റിൻ ജ.ഖ (ജീസസ് യൂത്ത് നാഷണൽ കോർഡിനേറ്റർ), ജോൺ സണ്ണി (നാഷണൽ ടീൻസ് കോർഡിനേറ്റർ) ലിയോ ടോം (ഇന്റർനാഷണൽ ഫോർമേഷൻ ടീം മെമ്പർ), ഷെൽട്ടൻ പിൻഹെയ്റോ (റെക്സ് ബാൻഡ്) ജോമരിയ ജഖ (ജനറൽ കോർഡിനേറ്റർ) ജെറിൻ ജോയ് (സോണൽ കോർഡിനേറ്റർ) എന്നിവർ സന്നിഹിതരായിരുന്നു.

**സിനഡാത്മക ശ്രവണം ജീസസ് യൂത്ത് മുന്നേറ്റത്തിൽ**

ജീസസ് യൂത്ത് മുന്നേറ്റത്തിൽ സിനഡൽ ശ്രവണത്തിനുള്ള ഈ യാത്രയുടെ ഉദ്ദേശ്യം മുന്നേറ്റത്തിൽ ഉള്ള ഓരോ വ്യക്തിയെയും കേൾക്കുന്നത്തിനും അതിലൂടെ പരിശുദ്ധാത്മാവ് ഇന്ന് എന്താണ് പറയുന്നതെന്ന് ശ്രമിക്കുക എന്നതാണ്. Awareness & Preparation stage, Spiritual Conversation Stage, Consolidation Stage എന്നീ 3 ഘട്ടങ്ങളിലായാണ് സിനഡാത്മക ശ്രവണം നടക്കുക.

ഇതിന്റെ ഭാഗമായി ജീസസ് യൂത്ത് തൃശ്ശൂർ സോണിന്റെ നേതൃത്വത്തിൽ സോണിലെ നേതൃത്വങ്ങളെയും മുതിർന്ന അംഗങ്ങളെയും ഉൾപ്പെടുത്തി സെപ്റ്റംബർ 8ന് മൂന്നു മണി മുതൽ ലിസണിങ് ഓറിയന്റേഷൻ ഫാമിലിഅപ്പോസ്തോലേറ്റിൽ വെച്ച് നടക്കുകയുണ്ടായി, കൂടാതെ സെപ്റ്റംബർ മാസത്തിൽ വ്യക്തിപരമായി ദിവ്യകാരുണ്യത്തിന് മുൻപിൽ സമയം ചിലവഴിച്ചുകൊണ്ട് അനേകർ ആത്മീയമായി ഒരുങ്ങികൊണ്ടിരിക്കുന്നു. ഒക്ടോബർ മാസത്തിൽ ഇടവകതലങ്ങളിൽ സിനഡാത്മക ശ്രവണം ആരംഭിക്കും.

**യുവജനധ്യാനങ്ങൾ**

യുവജങ്ങളെ നവീകരണ അനുഭവത്തിലേക്ക് നയിക്കുന്നതും ഈശോയുമായിട്ടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ ഈശോയോടൊപ്പമുള്ള യാത്ര ആരംഭിക്കുന്ന രീതിയിൽ പ്രാരംഭധ്യാനങ്ങൾ തൃശ്ശൂർ സോണിലെ മൂന്ന് സബ്സോണുകളിൽ നടന്നു. ഒല്ലൂർ സബ്സോണിൽ എൽ. അഡോനയ് എന്ന പേരിൽ സെപ്റ്റംബർ പതിനേഴു വൈകിട്ടു അഞ്ചുമണി മുതൽ സെപ്റ്റംബർ ഇരുപത് വൈകിട്ട് അഞ്ചുമണി വരെ തൈക്കാട്ടുശ്ശേരി ജോൺ ഊക്കൻ സ്പെഷ്യൽ സ്കൂളിൽ വെച്ച് നടത്തിയ ധ്യാനത്തിൽ നാൽപത്തിയൊന്നു പേർ പങ്കെടുത്തു. പുതുക്കാട് സബ്സോണിന്റെ നേതൃത്വത്തിൽ റിവൈവ് എന്ന പേരിൽ സെപ്റ്റംബർ പതിനേഴ് വൈകിട്ട്

അഞ്ചുമണി മുതൽ സെപ്റ്റംബർ ഇരുപത് നാലു മണി വരെ പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിൽ വെച്ച് നടത്തിയ ധ്യാനത്തിൽ ഇരുന്നൂറ്റിപതിനഞ്ചു പേർ പങ്കെടുത്തു. ജീസസ് യൂത്ത് കൊട്ടേക്കാട് സബ്സോണിന്റെ നേതൃത്വത്തിൽ ലിഫ്റ്റ് എന്ന പേരിൽ ധ്യാനം സെപ്റ്റംബർ പത്തിന് വൈകിട്ട് ഏഴുമണി മുതൽ സെപ്റ്റംബർ പന്ത്രണ്ട് വൈകിട്ടു നാലു മണി വരെ നടത്തപ്പെട്ടു. ഈ ധ്യാനത്തിൽ നൂറ്റിമുപ്പതോളംപേർ പങ്കെടുത്തു.

**പരിശീലന പരിപാടികൾ**

ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിൽ ഫാമിലികൾക്ക് വേണ്ടി ലെറ്റിഷ്യ എന്ന പേരിൽ ട്രെയിനിങ് പ്രോഗ്രാം സെപ്റ്റംബർ ഇരുപത് വെള്ളിയാഴ്ച വൈകിട്ടു 6 മണി മുതൽ സെപ്റ്റംബർ ഇരുപത്തിരണ്ടു ഉച്ചയ്ക്ക് 2 മണി വരെ നെടുപുഴ ജോർദാനിയ റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഈ ട്രൈനിങ്ങിൽ മുപ്പത്തിയഞ്ചോളാം കുടുംബങ്ങൾ പങ്കെടുത്തു.

ജീസസ് യൂത്ത് എരുമപ്പെട്ടി സബ്സോണിന്റെ നേതൃത്വത്തിൽ സീഡ് എന്ന പേരിൽ സെപ്റ്റംബർ പതിനാറ് വൈകിട്ട് മൂന്ന് മണി മുതൽ സെപ്റ്റംബർ പതിനെട്ട് വൈകിട്ട് നാലുമണി വരെ എരുമപ്പെട്ടി, നിർമല ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ഈ ട്രെയിനിങ് പ്രോഗ്രാമിൽ പതിനേഴ് പേർ പങ്കെടുത്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വ സംഗമം സെപ്റ്റംബർ മാസം 25-ാം തീയതി ബുധനാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽവെച്ച് നടന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച നേതൃത്വസംഗമം 10.30ന് കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയുടെ (K.C.S. C.) സേവന സമിതി കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി

തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി. 12 മണിക്ക് ഡയറക്ടർ ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് രണ്ടുമണിക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുഗ്രഹസന്ദേശവും 3 മണിക്ക് സമാപന ആശീർവാദവും നൽകി. മുൻ സർവീസ് ടീം അംഗങ്ങൾക്കും മുൻ സബ് സോൺ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർക്കും മെമന്റോ നൽകി ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ ആദരിച്ചു. പുതിയ സോണൽ സർവീസ് ടീമിന് ബഹുമാനപ്പെട്ട റോയ് അച്ചൻ പരിചയപ്പെടുത്തി. ഏകദേശം 150 ഓളം ഇടവക പ്രാർത്ഥന കൂട്ടായ്മകളിൽ നിന്ന് 600 ഓളം പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു. സോണൽ കോ-ഓർഡിനേറ്റർ ഷാജു. കെ. കെ., സെക്രട്ടറി റോയ് തൈക്കാട്ടിൽ, ട്രഷറർ വിൻസൻറ് ചിറയത്ത്, മറ്റു സർവീസ് ടീം അംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

**തിരുസന്നിധേ**

ജൂബിലിക്ക് ഒരുക്കമായ ജൂബിലേവൂസ് സഹസ്ര ദിന ഒരുക്ക പ്രാർത്ഥന സെപ്റ്റംബർ 18ന് ഒല്ലൂർ സബ് സോണിൽ പടവരാട് സെന്റ് തോമസ് ദേവാലയത്തിൽ രാവിലെ 9.30 മുതൽ വൈകിട്ട് 3 വരെ നടന്നു. ഇടവക വികാരി റവ. ഫാ. സെബി ചിറ്റാട്ടുകര ജൂബിലി തിരിതെളിയിച്ചു ഉദ്ഘാടനം ചെയ്തു. കെ. സി. എസ്. സി. അംഗം സാബു എം വർഗീസ് ജൂബിലി സന്ദേശം നൽകി. തൃശ്ശൂർ സോൺ അസിസ്റ്റൻറ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ വിശുദ്ധബലി അർപ്പിച്ചു. സബ് സോൺ ആനിമേറ്റർ റവ. ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ ദിവ്യകാരുണ്യ ആരാധന നയിച്ചു. സോൺ സർവീസ് ടീം അംഗങ്ങൾ മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. സബ് സോൺ കോ-ഓർഡിനേറ്റർ സെബു ഇമ്മട്ടി സ്വാഗതവും സോൺ സെക്രട്ടറി റോയ് തൈക്കാട്ടിൽ നന്ദിയും പറഞ്ഞു. സോൺ കോ-ഓർഡിനേറ്റർ ഷാജു കെ. കെ. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഏകദേശം 200 ഓളം പേർ ഈ ഉപവാസപ്രാർത്ഥനയിൽ പങ്കെടുത്തു.

**കരിസ്മാറ്റിക് കുടുംബോത്സവം**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായ കരിസ്മാറ്റിക് കുടുംബങ്ങളുടെ ഒത്തുചേരൽ വേലൂർ സബ് സോണിൽ ആരംഭിച്ചു. വേലൂർ ഫൊറോനയിലെ കുറുമാൽ സെൻറ് ജോർജ് ദേവാലയത്തിൽ സെപ്റ്റംബർ 28ന് ശനിയാഴ്ച സബ് സോൺ കരിസ്മാറ്റിക് കുടുംബോത്സവം സീറോ മലബാർ സഭ കുരിയാ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയം

പുരക്കൽ നിർവഹിച്ചു. കുടുംബോത്സവ സന്ദേശം കെ. സി. എസ്. സി. അംഗം സാബു എം. വർഗീസ് നൽകി. അതിരൂപത കരിസ്മാറ്റിക് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ വിശുദ്ധബലി അർപ്പിച്ചു. സബ് സോൺ ആനിമേറ്റർ ദിവ്യകാരുണ്യ ആരാധന നടത്തി.

വൈദികർക്ക് വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന എല്ലാ ദിവസവും രണ്ട് വൈദികർക്ക് ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു.

അതിരൂപതയിലെ വചനപ്രഘോഷകരുടെയും സ്പിരിച്ചൽ ഷെയറിങ് നടത്തുന്നവരുടെയും കൂട്ടായ്മയായ പാരിഷ് മിനിസ്ട്രി ഏകദിനം ഒക്ടോബർ മാസത്തിലെ ആദ്യ തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. എല്ലാ മാസവും രണ്ടാം വ്യാഴാഴ്ച മധ്യസ്ഥ പ്രാർത്ഥന ഏകദിന കൂട്ടായ്മ രാവിലെ 9.30 മുതൽ 1.30 വരെ, എല്ലാം 3 വ്യാഴാഴ്ചകളിലും കപ്പിൾസ് മിനിസ്ട്രി കൂട്ടായ്മ, നാലാമത്തെ വ്യാഴാഴ്ചകളിലും തൂവാനീസ് മിനിസ്ട്രി കൂട്ടായ്മ എന്നിങ്ങനെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ മധ്യസ്ഥ പ്രാർത്ഥന ആബാ ധ്യാന കേന്ദ്രത്തിൽ നടന്നുവരുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

## പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സരം 2023**
<u>എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ</u>

*ഒന്നാം സമ്മാനം* - സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
*രണ്ടാം സമ്മാനം* - കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
മാർതോമാ ദീപ്തി - മറ്റം
*മൂന്നാം സമ്മാനം* - ടച്ച് മീ - കുന്നംകുളം
*പ്രോത്സാഹനസമ്മാനം*
വിജയമാത - ചിയ്യാരം
ഡോളേഴ്സ് ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക
സാന്തോം വോയ്സ് - തിരൂർ

പാദുവാദീപം - മണ്ണുത്തി
ചെറുപുഷ്പനാദം - ഒളരിക്കര

<u>ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ</u>

*ഒന്നാം സമ്മാനം* - കർമ്മലദീപ്തി - ചേറ്റുപുഴ
*രണ്ടാം സമ്മാനം* - സ്നേഹദൂത് - പൂങ്കുന്നം
*മൂന്നാം സമ്മാനം* - സാൻജോ പൾസ് - അമലനഗർ
ദിവ്യസ്പന്ദനം - കുറുമാൽ

<u>കവർ</u>

ഒന്നാം സമ്മാനം - മരിയൻ വോയ്സ് - പൊങ്ങണംകാട്
രണ്ടാം സമ്മാനം - പാദുവാദീപം - മണ്ണുത്തി
മാർത്തോമാ ദീപ്തി - മറ്റം
മൂന്നാം സമ്മാനം - ടച്ച് മീ - കുന്നംകുളം

<u>എഡിറ്റോറിയൽ</u>

ഒന്നാം സമ്മാനം - ദിവ്യനാദം - പള്ളിക്കുന്ന്
ഫ്രാൻസിസ്കൻ വോയ്സ് - തലക്കോട്ടുകര
രണ്ടാം സമ്മാനം - വിശ്വാസപ്രഭ - പാലയൂർ
മരിയ കാഹളം - കണ്ടശ്ശാംകടവ്
മൂന്നാം സമ്മാനം - നല്ലിടയൻ - മുക്കാട്ടുകര
മാർത്തോമാ ദീപ്തി - മറ്റം
പാദുവാദീപം - മണ്ണുത്തി

<u>ലേ ഔട്ട്</u>

ഒന്നാം സമ്മാനം - ഡോളേഴ്സ് ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക
കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം - സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
സാന്തോം വോയ്സ് - തിരൂർ
മാർത്തോമാ ദീപ്തി - മറ്റം
മൂന്നാം സമ്മാനം - ടച്ച് മീ - കുന്നംകുളം
അമലോത്ഭവ - മരത്താക്കര
പാദുവാദീപം - മണ്ണുത്തി
പാരിഷ് വോയ്സ് - നല്ലെങ്കര
ഫ്ളവർ വോയ്സ് - എറവ്

<u>ഫീച്ചർ</u>

ഒന്നാം സമ്മാനം - പ്രൊഫ. ജോൺ സിറിയക്, കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ

രണ്ടാം സമ്മാനം - ബെന്നി കൊളങ്ങര, വിജയകാഹളം - ചേറൂർ
ആൻ ഫിലോ അഭീഷ്, വിജയമാത - ചിയ്യാരം
മൂന്നാം സമ്മാനം - സി. ഏയ്ഞ്ചൽ മരിയ FSSH, കർമ്മലനാദം - മുണ്ടൂർ

കവിത

ഒന്നാം സമ്മാനം - മറിയാമ്മ ഫ്രാൻസിസ്, സ്നേഹദൂത് - പൂങ്കുന്നം
രണ്ടാം സമ്മാനം - സിസിലി ആന്റോ മേച്ചേരി, കർമ്മലദീപ്തി - ചേറ്റുപുഴ
ബീന റോയ്, കർമ്മലനാദം - മുണ്ടൂർ
ഫ്രാൻസിസ് എം. വി., പാദുവാദീപം - മണ്ണുത്തി
മൂന്നാം സമ്മാനം - ജോയ് ചിറമ്മൽ, ഷാലോം - അരണാട്ടുകര

ലേഖനം

ഒന്നാം സമ്മാനം - ഏയ്ഞ്ചൽ മേരി, സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
രണ്ടാം സമ്മാനം - പ്രൊഫ. എം. ഡി. ജോസ്, കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
ദേവസ്സി സി. പി., ഷാലോം - അരണാട്ടുകര
സെമി സോണി, വിജയകാഹളം - ചേറൂർ
മൂന്നാം സമ്മാനം - ജാക്വിലിൻ ടോണി മൂഞ്ഞേലി, ദിവ്യനാദം - പള്ളിക്കുന്ന്
ലിറ്റി ജോസ്, പാദുവാദീപം - മണ്ണുത്തി

കഥ

ഒന്നാം സമ്മാനം - സിജോ എം. ജോൺസൻ, സ്നേഹസ്പന്ദനം - ചെവ്വൂർ
രണ്ടാം സമ്മാനം - സി. പി. ദേവസ്സി, ഷാലോം - അരണാട്ടുകര
ഓപ്പൻ ജോസഫ്, ഹൃദയപൂർവ്വം - തൊയക്കാവ്
മൂന്നാം സമ്മാനം - നമിത ജെയ്സൻ പിണ്ടിയാൻ, ദിവ്യനാദം - പള്ളിക്കുന്ന്

ആലീസ് ആന്റണി, നിത്യജ്യോതി - വിയ്യൂർ

<u>കാർട്ടൂൺ</u>

ഒന്നാം സമ്മാനം - ബിനിത ബേബി,
സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
ജോൺസൻ നമ്പഴിക്കാട്,
മാർത്തോമാ ദീപ്തി - മറ്റം

രണ്ടാം സമ്മാനം - ആന്റണി ബെന്നി,
സെന്റ് ആന്റണിസ് വോയ്സ് - വരടിയം

മൂന്നാം സമ്മാനം - ജിബിൻ ജോസ് ബ്രഹ്മകുളം,
ജീവൻപ്രഭ - പാലക്കൽ

<u>ഇടയശബ്ദം (വികാരി)</u>

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോളേഴ്സ് ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക

ഫാ. അജിത് തച്ചോത്ത്, വിജയകാഹളം - ചേറൂർ

ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ, ഡോളേഴ്സ് ന്യൂസ് - അത്താണി

ഫാ. ഡഗ്ലസ് പീറ്റർ, സെന്റ് ആന്റണീസ് വോയ്സ് - അന്തിക്കാട്

ഫാ. ദാവീദ് വിതയത്തിൽ, ടച്ച് മീ - കുന്നംകുളം

<u>ഇടയശബ്ദം (സഹവികാരി)</u>

ഫാ. ആന്റോ രായപ്പൻ, വിശ്വാസപ്രഭ - പാലയൂർ

ഫാ. അൻവിൻ ചിറ്റിലപ്പിള്ളി, ഷാലോം - അരണാട്ടുകര

ഫാ. സന്തോഷ് അന്തിക്കാട്ട്, കർമ്മലനാദം - മുണ്ടൂർ

ഫാ. ജോൺ പോൾ OFM.Cap., യേശുനാദം - ഒല്ലൂർ

ഫാ. ഗ്രിജോ മുരിങ്ങാത്തേരി, ദിവ്യസ്പന്ദനം - പറപ്പൂർ

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്

NB: 2023ലെ പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ 2024 നവംബർ 23 ശനിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ സംഘടിപ്പിക്കുന്ന മാധ്യമദിനത്തിൽ വിതരണം ചെയ്യുന്നതാണ്.

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ മൂന്നാം യോഗ റിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നമത്തെ യോഗം 2024 സെപ്തംബർ 7ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ രാവിലെ 9:30ന് രജിസ്ട്രേഷനോടെ ആരംഭിച്ചു. റവ. സി. ലിസറ്റ് സി. എം. സി. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ സ്വാഗതമാശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം പാസ്സാക്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്  യോഗം ഉദ്ഘാടനം ചെയ്തു.

തുടർന്ന് ''സമുദായശാക്തീകരണം'' എന്ന വിഷയത്തിൽ പ്രൊഫ. ചാക്കോ കാളാംപറമ്പിൽ ക്ലാസ്സ് നയിച്ചു. സമുദായം എന്നു ചിന്തിക്കുന്നത് വർഗ്ഗീയതയല്ലെന്നും സമുദായശാക്തീരപണം ഇന്ത്യൻ ഭരണഘടനതന്നെ ലക്ഷ്യമിടുന്നതാണെന്നും ചാക്കോ സർ വിശദീകരിച്ചു. ന്യൂനപക്ഷാവകാശങ്ങൾ, സാംസ്കാരികാവകാശങ്ങൾ തുടങ്ങിയവ ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടി. സമുദായം സാമൂഹിക യാഥാർത്ഥ്യമാണ്, വംശീയതയല്ല, വിവിധ കാലങ്ങളിലൂടെ രൂപപ്പെടുന്നതാണ്. സമുദായമെന്ന വ്യതിരിക്തതയെ മനസ്സിലാക്കാനുള്ള ഇച്ഛാശക്തിയാണ് സമുദായബോധം. സമുദായശാക്തി കരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു. സമുദായ സംഘടനയായ കത്തോലിക്കാകോൺഗ്രസ്സിൽ എല്ലാ കത്തോലിക്കരും അംഗങ്ങളാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ഇടവേളക്കുശേഷം Next Gen Empowerment Concleve ഡോ. ബെന്നി ജോസഫ് അവതരിപ്പിച്ചു. സമുദായശോഷണത്തെ കാണിക്കുന്ന കണക്കുകൾ നിരത്തി, മാറ്റത്തിനനുസരിച്ച് മാറിയില്ലെങ്കിൽ സമുദായം നാശത്തിലേക്ക് കൂപ്പുകുത്തുമെന്ന് ഓർമ്മിപ്പിച്ചു. ചർച്ചാവിഷയത്തെ അധികരിച്ച് 16 ഫൊറോന കൗൺസിലുകൾ നടത്തിയ ചർച്ചയുടെ ക്രോഡീകരിച്ച റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ അവതരിപ്പിച്ചു. വികാരി ജനറൽ മോൺ. ജോസ് കോനിക്കര അറിയിപ്പുകൾ നൽകി. ആഗസ്റ്റ് 22 മുതൽ 25 വരെ പാലായിൽ നടന്ന അഞ്ചാം സീറോ മലബാർ അസംബ്ലിയിൽ തൃശ്ശൂർ അതിരൂപതയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. വിശ്വാസപരിശീലനം, സുവിശേഷപ്രഘോഷണത്തിൽ അത്മായരുടെ പങ്ക്, സമുദായശാക്തീകരണം എന്നീ വിഷയങ്ങൾ

അസംബ്ലിയിൽ ചർച്ച ചെയ്യപ്പെട്ടു. അസംബ്ലിയിൽ പങ്കെടുത്ത അംഗങ്ങളെ പ്രത്യേകം അഭിനന്ദിച്ചു. ജൂലൈ 3ന് പാസ്റ്ററൽ കൗൺസിലിന്റെയും കത്തോലിക്കാകോൺഗ്രസ്സിന്റെയും നേതൃത്വത്തിൽ നടത്തിയ അവകാശദിനവും ആഗസ്റ്റ് 10ന് നടന്ന മാർച്ച് ഫോർ ലൈഫും വിജയമാക്കിയതിന് അംഗങ്ങൾക്ക് നന്ദി പറഞ്ഞു. ആഗോളസഭയിൽ 2025 വർഷം ജൂബിലി വർഷമായി ആചരിക്കുന്നു. 2024 ഡിസംബറിൽ ഇതിന് തുടക്കം കുറിക്കും. ഡിസംബർ 27ന് പതിവുപോലെ ബോൻ നത്താലെ നടക്കുന്നുണ്ടെന്നും വർക്കിംഗ് ചെയർമാനായി ഫാ. അജിത് തച്ചോത്തിനെയും കൺവീനർ ആയി ശ്രീ. ആന്റണി എ. എ.യെയും തെരഞ്ഞെടുത്തതായി യോഗത്തെ അറിയിച്ചു. അടുത്ത പാസ്റ്ററൽ കൗൺസിൽ 2024 നവംബർ 9ന് അവാർഡ് ഡേ ആയി നടത്തുമെന്നും അറിയിച്ചു. ഗ്ലോബൽ മാതൃവേദിയുടെ എക്സലൻസ് അവാർഡിന് അർഹമായ തൃശ്ശൂർ അതിരൂപത മാതൃവേദിക്ക് അഭിനന്ദനങ്ങൾ നേർന്നു.

തുടർന്നു നടന്ന ശൂന്യവേളയിൽ സമുദായശാക്തീകരണം, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്, യുവതലമുറയുടെ വിദേശകുടിയേറ്റം, വലിയ കുടുംബങ്ങൾ, ഭിന്നശേഷി അധ്യാപക നിയമനം മൂലം സ്ഥിര അധ്യാപകനിയമനത്തിലുള്ള ബുദ്ധിമുട്ട്, അമ്മായപരിശീലന കേന്ദ്രം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. അധ്യക്ഷപ്രസംഗത്തിൽ മാർ ആൻഡ്രൂസ് താഴത്ത് യോഗാംഗങ്ങളുടെ നിർദ്ദേശങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകി. സമുദായശാക്തീകരണം സഭയുടെ പ്രഥമപരിഗണനയാണെന്നും ഏവരും അതിനായി മുന്നിട്ടറങ്ങണമെന്നും അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

കേന്ദ്രസാഹിത്യ അക്കാദമിയുടെ അമൃത് പുരസ്കാരം നേടിയ നാടകാചാര്യൻ ഷെവ. സി. എൽ. ജോസ്, പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഫാ. ഡൊമിനിക് തലക്കോടൻ, ഫാ. ഡെന്നി താണിക്കൽ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ അംഗങ്ങൾക്ക് നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം 2 മണിയോടെ യോഗം അവസാനിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**

ചാൻസലർ & ജനറൽ സെക്രട്ടറി



**സകല വിശുദ്ധരുടെയും തിരുന്നാൾ**
**നവംബർ 1**

നവംബർ 30ന്
നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന
അഭിവന്ദ്യ **മാർ ആൻഡ്രൂസ്**
**താഴത്ത്** പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ







നവംബർ 18ന്
മെത്രാഭിഷേകത്തിന്റെ
ഏഴാം വാർഷികം
ആഘോഷിക്കുന്ന
അഭിവന്ദ്യ **മാർ ടോണി**
**നീലങ്കാവിൽ** പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.10.2024
**November - 2024**



Mar Andrews Thazhath meets Pope Francis
at Vatican City during the General Audience on 09.10.2024



Mar Andrews Thazhath with Pope Francis and Sr. Nathalie Becquart,
Under-Secretary for the General Secretariat of the Synod
of Bishops during the Second Session of the XVI Ordinary General Assembly
of the Synod of Bishops (2-27 October 2024)

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor